# സൽഗുണപൂർണ്ണൻ

...നിങ്ങളോടൊപ്പം ആരാധിക്കാൻ ഇവിടെ ആയിരിക്കുന്നു. ഇപ്പോൾ സന്ദേശത്തിന് മുമ്പ്, ഈ രാത്രി പ്രസംഗവേദിയിൽ എനിക്ക് എന്റെ നല്ല സുഹൃത്തുണ്ട്, ഡോക്ടർ ലീ വെയിൽ, ഒഹായോയിലെ, ലിമയിലുള്ള ഫസ്റ്റ് ബാപ്റ്റിസ്റ്റ് സഭയിൽ നിന്ന്, അദ്ദേഹം എന്റെ ലിമയിലെ യോഗത്തിന്റെ ഏറ്റെടുത്തു നടത്തിപ്പുകാരിൽ ഒരാളായിരുന്നു. ഇന്ന് രാത്രി ഇവിടേക്ക് വരുമ്പോൾ, ഞാൻ അദ്ദേഹത്തോട് ചോദിച്ചു, അദ്ദേഹം സഭയോട് ഒരു വാക്ക് പറഞ്ഞില്ലെങ്കിൽ, അടുത്ത ഒന്നോ രണ്ടോ നിമിഷത്തേക്ക്, ഒരുപക്ഷേ ലിമയിലെ യോഗവുമായി ബന്ധപ്പെട്ട എന്തെങ്കിലും. പരിശുദ്ധാത്മാവ് ലഭിച്ച മറ്റൊരു ബാപ്റ്റിസ്റ്റ്, ഡോക്ടർ ലീ വെയിലിനെ, ഇന്ന് രാത്രി നിങ്ങൾക്ക് പരിചയപ്പെടുത്തുന്നതിൽ, എനിക്ക് സന്തോഷമുണ്ട്.

2 [സഹോദരൻ ലീ വെയിൽ പതിനാല് നിമിഷം സംസാരിച്ച്, നിരവധി ആളുകൾ സുഖം പ്രാപിച്ചത് സാക്ഷ്യപ്പെടുത്തുന്നു.—Ed.] ആമേൻ. ദൈവം നിങ്ങളെയും, കൂടെ അനുഗ്രഹിക്കട്ടെ, സഹോദരൻ വെയിൽ.

3 ഒരു ബാപ്റ്റിസ്റ്റ് പാസ്റ്ററെ സംബന്ധിച്ചിടത്തോളം അതെല്ലാം നന്നേ ശക്തമായിരുന്നു, അത് അല്ലേ? അതെ, വെയിൽ സഹോദരൻ നമ്മോടൊപ്പം ആയിരിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. അദ്ദേഹത്തിനു എപ്പോൾ വേണമെങ്കിലും തിരികെ വന്ന് ഞങ്ങളെ സന്ദർശിക്കുന്നതിനു വാതിലുകൾ തുറന്നിട്ടിരിക്കുന്നത് തീർച്ചയാണ്. ഇപ്പോൾ ഈ രാത്രി...

നാളെ രാത്രി കർത്താവായ യേശുവിനെ—*കല്ലറയിൽ വെയ്ക്കുന്നു.*

4 ഞായറാഴ്ച രാവിലെ ആറ് മണിക്ക് സൂര്യോദയ ശുശ്രൂഷയാണ്. ശുശ്രൂഷയുടെ മുന്നോട്ടുള്ള ഭാഗം സഹോദരൻ പ്രഖ്യാപിച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇനി നമുക്ക് ഒരു നിമിഷം പ്രാർത്ഥിക്കാം.

5 വാഴ്ത്തപ്പെട്ട കർത്താവേ, അങ്ങയുടെ വചനം സത്യമാണ്, ഭയമില്ലാതെ, അത് കൈകാര്യം ചെയ്യുന്ന മനുഷ്യർക്കായി ഞങ്ങൾ നന്ദിയുള്ളവരാണ്, അവർ അത് ജനങ്ങൾക്ക് കൊടുക്കുമ്പോൾ. ഈ രാത്രി ഞങ്ങൾ ബൈബിൾ തുറക്കുമ്പോൾ, അല്ലെങ്കിൽ അതിന്റെ പേജുകൾ പുറകിലേയ്ക്ക് തിരിക്കുമ്പോൾ, അനുഗ്രഹീതനായ പരിശുദ്ധാത്മാവ് വന്ന് ഞങ്ങൾക്ക് മനസ്സിലാക്കാനുള്ള വചനം

തുറക്കാൻ ഇടയാകട്ടെ. യേശു ക്രിസ്തുവിലൂടെ, ഞങ്ങൾ ഇത് ചോദിക്കുന്നു. ആമേൻ.

6 നാം ആഘോഷിക്കുന്ന ഈ മഹത്തായ രാത്രി, നമ്മുടെ അനുഗ്രഹീതനായ കർത്താവിന്റെ ക്രൂശിലെ മരണമായി, ഇന്ന് രാത്രി അവന്റെ വിലയേറിയ അധരങ്ങളിൽ നിന്ന് വന്നത് വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, അവൻ അവന്റെ പുസ്തകത്തിൽ അവൻ എഴുതിയിട്ടുള്ള ഈ വാക്കുകൾ. വിശുദ്ധ മത്തായി, 4-ാം അദ്ധ്യായത്തിൽ, നമ്മൾ...47-ഉം 48-ഉം വാക്യങ്ങളിൽ, നമ്മൾ ഇങ്ങനെ വായിക്കുന്നു:

> നിങ്ങൾ *സഹോദരന്മാരെ മാത്രം വന്ദനം ചെയ്താൽ, നിങ്ങൾ എന്തു വിശേഷം ചെയ്യുന്നു? ജാതികളും അങ്ങനെ തന്നേ ചെയ്യുന്നില്ലയോ?*
>
> എന്നാൽ *ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ, നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ.*

7 ഇന്ന് രാത്രി ഞങ്ങൾ കൊടുത്തിട്ട് ഞങ്ങൾ *സൽഗുണപൂർണ്ണൻ* എന്ന വിഷയത്തിന്മേൽ സംസാരിക്കാൻ പോകുന്നു. ഇപ്പോൾ നമ്മൾ... അത് നമ്മുടെ കർത്താവിന്റെ ക്രൂശു മരണ രാത്രിയിൽ എടുക്കേണ്ട വളരെ വിചിത്രമായ ഒരു വിഷയമായി തോന്നുന്നു. എന്നാൽ ഇന്ന്, ഒരുപക്ഷേ, നിങ്ങൾ റേഡിയോ കേൾക്കുകയും, വ്യത്യസ്ത സന്ദേശങ്ങളും സന്ദേശ വാഹകരെയും കേട്ടിരിക്കുകയും ചെയ്തേക്കാം, ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി നമ്മുടെ കർത്താവ് മരിച്ച ആ മഹത്തായ ദിവസത്തെ അവർ എങ്ങനെ അവതരിപ്പിച്ചിരിക്കും. അതിനാൽ ഇന്ന് രാത്രി, മറ്റൊരു വഴിയിലൂടെ പോയി, അതിലേക്ക് കടക്കാൻ, ഞാൻ തിരഞ്ഞെടുത്തിട്ട്, അതിനാൽ ഇത് അല്പം വ്യത്യസ്തവും നിങ്ങൾക്ക് അല്പം നവോന്മേഷം പകരുന്നതും ആയിരിക്കും. വചനം കൊണ്ടുവരാൻ ഞങ്ങൾ പരിശ്രമിക്കുമ്പോൾ വാഴ്ത്തപ്പെട്ട പരിശുദ്ധാത്മാവ് അതിനെ പ്രചോദിപ്പിക്കാൻ ഇടയാകട്ടെ.

8 ദൈവം സൽഗണപൂർണ്ണത ആവശ്യപ്പെടുന്നു. അതായത് അവിടെ ദൈവത്തിന്റെ സന്നിധിയിൽ ഭാഗികമായി യാതൊന്നും പോകാനാവില്ലെന്ന്, മനസ്സിൽ പിടിച്ചിരിക്കണം എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അത് പൂർണ്ണമായിരിക്കണം, നമ്മുടെ ആരാധന, സകലതും.

9 ഇപ്പോൾ, ഏദെൻ തോട്ടത്തിൽ, തോട്ടത്തിൽ ദൈവത്തിനു ആദാമും ഹവ്വയും ഉണ്ടായിരുന്നു. അനുസരണക്കേടു കാണിച്ചിട്ട്,

പാപം ചെയ്തു, അവർ ദൈവത്തിന്റെ നിയമങ്ങളെ ലംഘിച്ചു. ലംഘനം വരുമ്പോൾ, അനുസരണക്കേട് നിയമത്തിന്റെ ലംഘനമാണ്. ദൈവത്തിന്റെ നിയമം, അവൻ പരിശുദ്ധനായിട്ട്, കലർപ്പില്ലാത്ത പവിത്രൻ, അതുകൊണ്ട് അവിശുദ്ധിയുടെ ഒരു പാടും അവന്റെ സന്നിധിയിൽ നിൽക്കുകയില്ല. അതിനാൽ, ലംഘനത്താൽ പാപം ലോകത്തിലേക്ക് വന്നെങ്കിൽ, പാപിക്ക് ദൈവ സന്നിധിയിൽ നിൽക്കാൻ കഴിയുന്നതിനു മുമ്പ് പാപത്തെ കൈകാര്യം ചെയ്യേണ്ടതുണ്ട്.

10 ഇപ്പോൾ, നിയമം ഇല്ലെങ്കിൽ പിന്നെ അവിടെ ഒരു നീതിയില്ല. എന്നാൽ നിയമം ആവശ്യമാണ്, അല്ലെങ്കിൽ, നീതിക്ക് ഒരു നിയമം ആവശ്യമുണ്ട്. നിയമവും, എപ്പോൾ അത്—അത് വിളിക്കപ്പെടുമ്പോൾ, അത് നീതിയെ ഉയർത്തി കാട്ടുന്നു.

11 ഇപ്പോൾ, ന്യായപ്രമാണ പ്രകാരം, ഒരു ജഡവും രക്ഷിക്കപ്പെടുന്നില്ല. ഇപ്പോൾ, ന്യായപ്രമാണത്തിന് നമ്മെ രക്ഷിക്കാൻ കഴിയില്ല. ന്യായപ്രമാണം നമ്മെ ജയിലിൽ അടച്ചു, പക്ഷേ അതിന് വീണ്ടെടുക്കാനുള്ള ശക്തിയില്ല. നാം പാപികളാണെന്ന് ന്യായപ്രമാണം നമുക്ക് കാണിച്ചു തരികയും, നമ്മെ കുറ്റം വിധിക്കുകയും മാത്രം ചെയ്യുന്നു. അതാണ് ന്യായ പ്രമാണത്തിനു ചെയ്യേണ്ടത്. അത് കുറ്റം വിധിക്കാനോ, അതോ നിങ്ങളുടെ തെറ്റ് എവിടെയാണെന്ന് കാണിക്കാനോ ഉള്ളതാണ്. അതിനാൽ ന്യായ പ്രമാണത്തിന്, തന്നെത്താൻ, രക്ഷിക്കാനായില്ല. അതിന് കുറ്റാരോപണം ഉന്നയിക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ.

12 ദൈവം, വിശുദ്ധനും നീതിമാനും ആയതിനാൽ, അവനു ഒരു നിർവ്വഹണം ഉണ്ടായിരുന്നു. അവൻ കൃപയുടെ അതിരുകൾ ലംഘിച്ചതിനാൽ അവനു പാപിയെ വിചാരണ ചെയ്യേണ്ടിവന്നു, നിയമം ലംഘിക്കുന്ന-പൗരനായി മാറുകയും ചെയ്തു. അപ്പോൾ, അവനെ തികച്ചും കൈകാര്യം ചെയ്യണം.

13 സകല നിയമങ്ങൾക്കും ഒരു പിഴയുണ്ട്, കാരണം, ദൈവത്തിന്റെ നിയമം ലംഘിക്കുന്നതിനുള്ള ശിക്ഷ മരണമാണ്. അതിനു മനുഷ്യരാശിക്ക് മരണത്തെ അവതരിപ്പിക്കേണ്ടിയിരുന്നു. മനുഷ്യരാശി മുഴുവൻ ഈ നിയമത്തിന്റെ ശിക്ഷയ്ക്ക് കീഴിലാണ്.

14 ഇപ്പോൾ, ആദാമും ഹവ്വയും പാപം ചെയ്തപ്പോൾ, അവിടെ ഒരു വഴിയും ഇല്ലാതെ, ഈ പാപം കൈകാര്യം ചെയ്യുകയല്ലാതെ, അവർക്ക് ദൈവ സന്നിധിയിൽ വീണ്ടും നിൽക്കാൻ മറ്റൊരു പ്രതിവിധിയും ഇല്ലായിരുന്നു. എത്ര ചെറുതോ അതല്ല എത്ര വലുതോ

എന്നതു കാര്യമില്ല, ഒരു മനുഷ്യനും ഒരു തരത്തിലുള്ള പാപവും ചെയ്യാൻ കഴിയാതെ, പാപം ചെയ്തയാൾക്ക് പരിശുദ്ധ ദൈവത്തിന്റെ സന്നിധിയിൽ നിൽക്കുന്നതിന് മുമ്പ് അത് പരിഹരിക്കപ്പെട്ടിരിക്കണം.

15 അങ്ങനെ, ആയതിനാൽ, ആദാമും ഹവ്വയും പാപം ചെയ്ത് നിയമം ലംഘിച്ചപ്പോൾ, അവർ മരണത്തിന് വിധേയരായിരുന്നു. നിയമം നടപ്പിലാക്കേണ്ടിയിരുന്നു, അതിനാൽ അത് എല്ലാ മനുഷ്യരാശിയെയും മരണ ശിക്ഷയ്ക്ക് കീഴിലാക്കി. നമ്മുടെ ചിന്തയിൽ, ഈ മഹത്തായ ചിത്രത്തെ നോക്കിക്കൊണ്ട്, ഇപ്പോൾ നമ്മെ കുറച്ച് നിമിഷങ്ങൾ മാത്രം നിശ്ചലമാക്കാൻ കഴിഞ്ഞാൽ, ഇവിടെയുള്ള ഓരോ വ്യക്തിയും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു എന്നു ഓർത്തിരിക്കു. ഓരോ പുരുഷനും സ്ത്രീയും, കുട്ടിയും, മനുഷ്യരാശിയുടെ തലവന്റെ ലംഘനത്താൽ, മരണ ശിക്ഷയിൽ ഉൾപ്പെട്ടിരിക്കുന്നു, ആദം; അവന്റെ ലംഘനത്താൽ, നാം ഓരോരുത്തരും പാപത്തിന് ഇരയായി തീർന്നു.

16 പാപത്തെ കൈകാര്യം ചെയ്യുകയും വേണം. അതിനാൽ, ദൈവം, അവന്റെ മഹത്തായ അനന്തതയിലും അവന്റെ മഹത്തായ സ്നേഹത്തിലും...പാപിയെ അവന്റെ സ്രഷ്ടാവിൽ നിന്ന് വേർപെടുത്തുക എന്നതായിരുന്നു നിയമം; അപ്പോൾ അവൻ ഉന്മൂലനം ചെയ്യപ്പെട്ട്, പൂർണ്ണമായി നശിക്കുന്നു, ആ പാപം പരിഹരിച്ചില്ലെങ്കിലോ അവനു തിരികെ വരാൻ അവിടെ ഒരു വഴിയും ഉണ്ടായിരുന്നില്ല. അന്ത്യത്തിൽ ഒരു പാപിയുടെ പൂർണ്ണമായ ഉന്മൂലനത്തിൽ വിശ്വസിക്കുന്നത് വളരെ എളുപ്പമായിരിക്കും, എന്തെന്നാൽ അവൻ ദൈവത്തിന്റെ സാന്നിധ്യത്തിൽ നിന്ന്, പൂർണ്ണമായും എന്നെന്നേക്കുമായി വേർപിരിഞ്ഞിരിക്കുന്നു.

17 ഇപ്പോൾ ഈ പാപത്തെ ശ്രദ്ധിക്കു. ദൈവം എങ്ങനെ, നീതിമാനായിരിക്കെ, അവന് നീതിയല്ലാതെ മറ്റൊന്നും ചെയ്യാൻ കഴിയില്ല, കാരണം അവൻ എല്ലാ നീതിയുടെയും ഉറവിടമാണ്, അപ്പോൾ അവിടെ ഈ ലംഘനത്തിനു ശിക്ഷയല്ലാതെ മറ്റൊന്നും അവന് ചെയ്യാനില്ലായിരുന്നു. ആ ശിക്ഷ മരണമായിരുന്നു, കാരണം അവൻ പറഞ്ഞു, "നീ അത് തിന്നുന്ന നാളിൽ, ആ ദിവസം നീ മരിക്കും നിശ്ചയം." ഇപ്പോൾ, ഇവിടെ നമുക്കുള്ളത് ഒരു ഇരുണ്ട ചിത്രമാണ്.

18 എന്നാൽ നമ്മൾ കുറച്ചുകൂടി പിന്നോട്ട് പോയി, ദൈവത്തിന്റെ ഗുണങ്ങൾ തന്നെ കണ്ടുപിടിച്ചാൽ, ബൈബിൾ അത് നമ്മോട് വ്യക്തമായി പറയുന്നു "ദൈവം സ്നേഹമാണ്." എന്നാൽ അപ്പോഴും, സ്നേഹം ആയിരുന്നിട്ടും, അവൻ നീതിമാൻ ആയിരിക്കണം. അതിനാൽ, സ്നേഹം എന്നാൽ ലാളിച്ചു കളിക്കാൻ കഴിയുന്ന

ഒരു കാര്യം മാത്രമല്ല അർത്ഥമാക്കുന്നത്. സ്നേഹം ദൈവത്തിന്റെ നീതിയാണ്.

19 ഇപ്പോൾ, അവന്റെ മക്കൾ തന്റെ നിയമം ലംഘിച്ചിരിക്കുന്നു എന്നു ദൈവം കണ്ടിട്ട്, അവർ മരണം കൊണ്ട് മരിക്കേണ്ടതുണ്ട്, പിന്നെ പരമാധികാരമായ സ്നേഹം ഒരു വഴി ഉണ്ടാക്കാൻ രംഗത്തേക്ക് വരുന്നു. എന്തെന്നാൽ, ഈ കുട്ടികൾ തന്റെ സാന്നിധ്യത്തിൽ നിന്ന് നിരുപാധികം, പൂർണ്ണമായും നശിച്ച് പോകുമെന്ന് ദൈവം കണ്ടു. അവിടെ മറ്റൊന്നും ചെയ്യാനില്ല, കാരണം അവർ അവന്റെ നിയമം ലംഘിച്ചു, അവന്റെ നിയമത്തിന്റെ ശിക്ഷ മരണമായിരുന്നു.

20 പിന്നെ ദൈവ സ്നേഹം അവന്റെ പ്രജകൾക്കായി പുറപ്പെട്ടു. ദിവ്യ സ്നേഹം പ്രകടമാകുമ്പോൾ, പരമാധികാരത്തിന്റെ കൃപ സ്നേഹത്തിന്റെ വസ്തുവിനെ ഉത്പാദിപ്പിക്കുന്നു. ദൈവം, മുന്നറിവിനാൽ, അവൻ തന്റെ കുലത്തെ അത്രയേറെ സ്നേഹിച്ചിട്ട്; എന്നിട്ടും, ശിക്ഷയിലൂടെ, അവൻ ഏദെൻ തോട്ടത്തിൽ പകരക്കാരനെ മരിക്കാൻ ഇടയാക്കി. അത്, അവൻ ഒരു നിരപരാധിയായ സൃഷ്ടിയെ പകരം വെച്ചത് ആയിരുന്നു, പാപം അറിയാത്ത ഒരു ചെറിയ കുഞ്ഞാടിനെ, അത് ഒരു പകരത്തിനായി പോയി, കുറ്റവാളിയായ പാപിക്ക് പകരം പ്രവർത്തിക്കാനും മരിക്കാനും. തന്റെ പ്രജകളുടെ ജീവൻ നിലനിർത്താൻ, അറുക്കപ്പെട്ട, ഒരു കുഞ്ഞാടായിരുന്നു അത്.

21 പഴയ നിയമത്തിലുടനീളം അവർ കോലാടുകളുടെയും ചെമ്മരിയാടുകളുടെയും, ആടുകളുടെയും, കാളകളുടെയും പശുക്കിടാങ്ങളുടെയും രക്തം അർപ്പിച്ചിരുന്നു, ഒരു പകരമുള്ള മരണം. പക്ഷേ, ദൈവത്തിന്റെ മഹത്തായ സകല സമ്പദ്വ്യവസ്ഥയിലും, അവിടെ പിന്നിൽ അവന്റെ മനസ്സിൽ ആ യഥാർത്ഥ വസ്തു വരികയും, അത്...അവ വരാനിരുന്ന യഥാർത്ഥ വസ്തുവിന്റെ നിഴലുകളും ആയിരുന്നു. വരാനിരിക്കുന്ന ആ യഥാർത്ഥ വസ്തു, അവന്റെ ഏകജാതനായ പുത്രനായിരുന്നു. ആ ചത്ത സകല കുഞ്ഞാടുകളെല്ലാം ഒരു നിഴൽ മാത്രമായിരുന്നു. ഒരു നിഴൽ ഒരു വസ്തുവിന്റെ നെഗറ്റീവ് വശം മാത്രമാണ്. കാൽവരി വരുന്നതിനെ കുറിച്ച് മാത്രമാണ് അവർ സംസാരിച്ചിരുന്നത്.

22 ഇനി ഇതിന്റെ ഒരു ചിത്രത്തിനായി, നമുക്ക് നമ്മുടെ ബൈബിളുകളിൽ നിന്ന്, എബ്രായ പുസ്തകത്തിലേക്ക് തിരിക്കാം, ഇവിടെ മഹാനായ അപ്പോസ്തലൻ, പൌലൊസ് ഇവിടെ ഈ കാര്യങ്ങൾ എടുത്ത്, നമുക്കായി വേർതിരിക്കാൻ ശ്രമിക്കുന്നു. എബ്രായരുടെ പുസ്തകത്തിന്റെ 10-ാം അദ്ധ്യായത്തിൽ നിന്നും, നാം ഇത് വായിക്കുന്നു.

23 ഞാൻ വചനത്തെ സ്നേഹിക്കുന്നു! വചനം സത്യമാകുന്നു. എന്റെ കൂട്ടായ്മയുടെ മുമ്പാകെ ഇത് വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, കാരണം ന്യായവിധിയിൽ ഞാൻ അവരോടൊപ്പം നിൽക്കുമെന്ന് ഞാൻ അറിയുന്നു. എനിക്ക് ഒരു കണക്ക് കൊടുക്കേണ്ടി വരും. അതിനാൽ ഞാൻ അത് വചനത്തിൽ നിന്ന് കൊണ്ടുവന്നാൽ, പിന്നെ ഞാൻ കുറ്റക്കാരൻ ആയിരിക്കില്ല; കാരണം ഇത് വചനമാണ്, ദൈവം അവന്റെ വചനത്തിന് ഉത്തരവാദിയാണ്.

24 വ്യക്തിത്വങ്ങളെ ചുറ്റിപ്പറ്റി കെട്ടിപ്പടുക്കുന്ന, സുവിശേഷകരെയും മറ്റും, ഇന്ന് നാം വളരെയധികം കാണുന്നു. ഓ, ഇത് ഒരു അപമാനകരമായ കാര്യമാണ്! പള്ളികളിലേക്ക് പോകുമ്പോൾ, നമ്മൾ പള്ളിയിലേക്ക് പോയിട്ട് നിങ്ങൾ ഒരു പ്രത്യേക പാസ്റ്ററെ കാണുന്നു, നാം കണ്ടെത്തുന്നു, അവനെക്കുറിച്ച് ചില ചെറിയ വിചിത്രമായ പ്രവൃത്തികളുണ്ട്, ഒരു ചില ഭാവങ്ങൾ. നിങ്ങൾ ശ്രദ്ധിച്ചില്ലെങ്കിലോ, മുഴുവൻ സഭയും ആ ആത്മാവിനെ എടുക്കും. അവൻ അല്പം വികാരാധീനനാണെങ്കിലോ, അതല്ല അവന്റെ തല കുലുക്കുകയോ അതല്ല എന്തെങ്കിലും ചെറിയ വിചിത്രമായ കാര്യമോ ആയാൽ, അതെ, മുഴുവൻ സഭയും അത് ഏറ്റെടുക്കുന്നു. ഇന്നത്തെ നമ്മുടെ ആധുനിക സഭകളിൽ, അത്തരം സംവേദനങ്ങളും ചെറിയ കാര്യങ്ങളും ഉള്ളിടത്തേക്ക്, നാം എത്തിയിരിക്കുന്നു. കൂടാതെ ഇത് അത്തരത്തിലെ ഒരു ആശയക്കുഴപ്പത്തിലും ആയിരിക്കുന്നു! എന്നാൽ, ഓ, എന്റെ പ്രിയ സഹോദരന്മാരേ, നാം വചനത്തിൽ ആയിരിക്കേണ്ട ഒരു സമയം എപ്പോഴെങ്കിലും ഉണ്ടായിരുന്നെങ്കിൽ, അത് ഇന്നാണ്!

25 നിങ്ങൾ നോക്കു, ന്യായവിധിയിൽ നിൽക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല ജനങ്ങളെ തെറ്റായി നയിക്കുന്ന, ഒരു ചഞ്ചല ഹൃദയവും ഒരു പ്രത്യേക തരം വെളിപ്പാടും എനിക്കുണ്ടെന്നു അറിയാം. എന്റെ പ്രവർത്തനത്തിൽ അവർക്ക് എന്റെ ആത്മാവ് ഉണ്ടായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല, എന്നാൽ സത്യത്തെ ഉത്പാദിപ്പിക്കുന്ന, ദൈവ വചനത്താൽ അവർക്ക് ദൈവത്തിന്റെ ആത്മാവ് ലഭിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

26 അതുകൊണ്ട് ഈ രാത്രിയിലെ ഈ മഹത്തായ അവസരത്തിൽ, ഞാൻ ദൈവത്തിന്റെ നിത്യ വചനത്തിൽ നിന്ന് വായിക്കാൻ ആഗ്രഹിക്കുന്നു. ന്യായപ്രമാണം വർഷങ്ങളോളം നിലനിന്നിരുന്നു, എന്നാൽ ന്യായ പ്രമാണത്തിന് ഒരിക്കലും പാപത്തെ നീക്കാൻ കഴിയില്ലെന്ന് ഇപ്പോൾ നാം തിരിച്ചറിയുന്നു. ഞാൻ കഴിഞ്ഞ കാലങ്ങളിൽ പറഞ്ഞിരുന്നത് പോലെ, അത് ഒരു കാരാഗൃഹ വീട് മാത്രമാണ്. നിങ്ങൾ എന്തു ചെയ്തു എന്ന് നിങ്ങളോട് പറഞ്ഞ

മഹാനായ കുറ്റാന്വേഷകൻ, പക്ഷേ നിങ്ങളെ വിടുവിക്കാൻ ഒരു പ്രതിവിധിയും ഇല്ലായിരുന്നു. അത് നിങ്ങളെ പണയക്കടയിൽ ഇട്ടിരുന്നു, പക്ഷേ അതുകൊണ്ട്, നിങ്ങളെ പുറത്തെടുക്കാൻ ഒരു വീണ്ടെടുപ്പുകാരൻ ഇല്ലായിരുന്നു. നിങ്ങൾ ഒരു പാപിയാണെന്ന് നിങ്ങളെ അറിയിക്കാൻ, അത് നിങ്ങളെ കാരാഗൃഹത്തിൽ മാത്രമാക്കുന്നു. നാം വായിക്കുമ്പോൾ, ഇപ്പോൾ എബ്രായർ, 10-ാം അദ്ധ്യായത്തിൽ ശ്രദ്ധിക്കൂ.

> *ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ, കാര്യങ്ങളുടെ സാക്ഷാൽ...*

27 ഓർക്കൂ, വരാനിരുന്ന ഒരു സ്വരൂപത്തിന്റെ നിഴലായിരുന്നു അത്. ഒരു നിഴൽ ശ്രദ്ധയിൽ കൊണ്ടുവരുന്നത് അത് അവിടെ ഒരു നിഴൽ ഉണ്ടാക്കുന്നത് ഒരു സ്വരൂപത്തിൽ നിന്നാണ്. "വരാനിരിക്കുന്ന കാര്യങ്ങളുടെ ഒരു നിഴൽ, അല്ലാതെ കാര്യങ്ങളുടെ സ്വരൂപം അല്ല." ശ്രദ്ധിക്കൂ, "കാര്യങ്ങളുടെ..."

> *...സാക്ഷാൽ സ്വരൂപമല്ലായ്കകൊണ്ടു, ആണ്ടുതോറും ഇടവിടാതെ കഴിച്ചുവരുന്ന അതേ യാഗങ്ങളാൽ...* അടുത്തു വരുന്നവർക്കു *സൽഗുണപൂർത്തി വരുത്തുവാൻ ഒരുനാളും കഴിവുള്ളതല്ല.*

28 ഇപ്പോൾ, ദൈവം, ആദിയിൽ, സൽഗുണപൂർത്തി ആവശ്യപ്പെട്ടിരുന്നു. യേശു, അവൻ ഭൂമിയിൽ വന്നപ്പോൾ, പറഞ്ഞു, "സ്വർഗ്ഗത്തിലെ ദൈവം സൽഗുണപൂർണ്ണൻ ആയിരിക്കുന്നതു പോലെ, നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ." ന്യായപ്രമാണം, വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ, ഒരുനാളും ആരാധകനെ സൽഗുണപൂർത്തി വരുത്തുവാൻ കഴിവുള്ളതല്ല. നിങ്ങൾക്ക് ആ ചിത്രം കിട്ടിയോ? ഇപ്പോൾ നമുക്ക് അതിലേക്ക് വീണ്ടും പോകാം, അതിനാൽ നിങ്ങൾ അത് നഷ്ടപ്പെടുത്തില്ലെന്ന് ഉറപ്പാക്കും. ദൈവം സർഗുണപൂർത്തിയായ വിശുദ്ധി ആവശ്യപ്പെടുന്നു. പാപത്തിന്റെ ഒരു ചെറിയ തരി കൊണ്ടും, ആർക്കും അവന്റെ സ്വരൂപത്തിൽ നിൽക്കാനാവില്ല. യേശു അതു തന്നെ സാക്ഷീകരിച്ചിട്ട്, പറഞ്ഞു, "സ്വർഗ്ഗത്തിലെ ദൈവം സൽഗുണപൂർണ്ണൻ ആയിരിക്കുന്നതു പോലെ, സൽഗുണപൂർണ്ണർ ആയിരിപ്പിൻ."

29 ബൈബിൾ അതു പറയുന്നു, "ന്യായപ്രമാണത്തിന് ഒരു നാളും, അതിന്റെ ബലികളാൽ, അടുത്തു വരുന്നവർക്കു സൽഗുണപൂർത്തി വരുത്തുവാൻ കഴിവുള്ളതല്ല." പിന്നെ, ന്യായപ്രമാണത്തിന് ഒന്നിനും സൽഗുണപൂർത്തി വരുത്തുവാൻ കഴിഞ്ഞിരുന്നില്ല. അതൊരു

സൂചന മാത്രമായിരുന്നു. ആണ്ടുതോറും, കഴിച്ചുവരുന്ന ഈ യാഗങ്ങളാൽ, അടുത്തു വരുന്നവർക്കു സൽഗുണപൂർത്തി വരുത്തുവാൻ ഒരുനാളും കഴിവുള്ളതല്ല. അങ്ങനെ അതിനാൽ, ന്യായപ്രമാണത്തിൻ കീഴിലോ, അതല്ല ന്യായപ്രമാണങ്ങൾ പാലിക്കുന്നതിനാലോ, അതല്ല സ്വരൂപങ്ങൾക്ക് കീഴിലുള്ള, ആർക്കും സൽഗുണപൂർണ്ണരാകാൻ കഴിയില്ല.

> കാരണം (2-ാം വാക്യം) *യാഗം കഴിക്കുന്നതു നിന്നുപോകയില്ലയോ?...*

30 ദൈവത്തിന്റെ സന്നിധിയിൽ എനിക്ക് സ്വയം സൽഗുണപൂർണ്ണനാകാൻ കഴിയുന്ന എന്തെങ്കിലും എനിക്ക് ചെയ്യാൻ കഴിഞ്ഞിരുന്നെങ്കിൽ, അപ്പോൾ ക്രിസ്തുവിന് എനിക്കുവേണ്ടി മരിക്കേണ്ടി വരുമായിരുന്നില്ല. നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന ഒരു കാര്യം ഉണ്ടായിരുന്നിട്ട്, അത് ദൈവത്തിന്റെ സന്നിധിയിൽ എന്തെങ്കിലും അർഹിക്കുന്നെങ്കിൽ, ക്രിസ്തു മരിച്ചത് വ്യർത്ഥം. ന്യായപ്രമാണം പ്രമാണിക്കൽ-അല്ല, നിങ്ങളുടെ നിയമപരമായ ആശയങ്ങളില്ല, നിങ്ങളുടെ സ്വന്ത വിശുദ്ധി ഒന്നുമില്ല, നിങ്ങൾക്ക് നിർത്താൻ കഴിയുന്ന കാര്യങ്ങൾ ഒന്നുമല്ല, കള്ളം പറയുന്നത് നിർത്തുന്നു, മോഷ്ടിക്കുന്നത് നിർത്തുന്നു, പുക വലിക്കുന്നത് നിർത്തുന്നു, ചിത്ര പ്രദർശനങ്ങൾക്ക് പോകുന്നത് നിർത്തുന്നു, അപ്പോഴും നിങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. അതിനു ഒന്നും ചെയ്യാൻ കഴിയില്ല! പള്ളികളിൽ ചേരുക, ആചാരങ്ങൾ, ചടങ്ങുകൾ, സ്നാനങ്ങൾ, സഭയുടെ ഉത്തരവുകൾ, വിശ്വാസ പ്രമാണങ്ങൾ വായിക്കുന്നു, പ്രാർത്ഥനകൾ ഏറ്റുപറയുന്നു, ആ കാര്യങ്ങൾ എല്ലാം ഒന്നു തന്നെ കണക്കാക്കുന്നില്ല. നിങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു! നിങ്ങൾക്ക് സ്വയം ചെയ്യാൻ കഴിയുന്ന ഒന്നുമില്ല, കാരണം നിങ്ങൾ ശിക്ഷാവിധിക്ക് കീഴിലുള്ള ഒരു പാപിയാണ്. അവിടെ നിങ്ങളുടെ ഉള്ളിൽ ഒരു വഴിയോ, ഒരു മത വിശ്വാസമോ, അതല്ല നിങ്ങൾക്ക് ചെയ്യാനോ ചിന്തിക്കാനോ കഴിയുന്ന എന്തെങ്കിലുമോ ഇല്ല, നിങ്ങൾ സ്വയം, അത് ദൈവത്തിന്റെ സന്നിധിയിൽ ഒരു കാര്യം അർഹിക്കുന്നില്ല, കാരണം നിങ്ങളുടെ ആരംഭം തന്നെ ഒരു പാപിയായിട്ടാണ്.

31 നാം എല്ലാവരും പാപത്തിൽ ജനിച്ച്, അകൃത്യത്തിൽ ഉരുവായി, നുണകൾ പറഞ്ഞുകൊണ്ട് ലോകത്തിലേക്ക് വന്നു എന്ന്, ബൈബിൾ പ്രഖ്യാപിക്കുന്നു. ഒരു മനുഷ്യനെ മറ്റൊരാളിനായി മരിക്കാൻ ദൈവത്തിന് എടുക്കാൻ കഴിഞ്ഞില്ല, കാരണം ഒരാൾ മറ്റൊരാളെപ്പോലെ തന്നെ കുറ്റക്കാരനാണ്. ദൈവ സന്നിധിയിൽ, ഈ ലോകത്ത് ജനിച്ച ആർച്ച് ബിഷപ്പ് നഗരത്തിലെ ഏറ്റവും

താഴ്ചവനായി തന്റെ ജീവിതത്തിൽ എപ്പോഴും ബാറിൽ നിന്നും കുടിക്കുന്ന കുറ്റവാളിയെപ്പോലെയാണ്. ഒരുവനു മറ്റൊരുവനു വേണ്ടി പ്രായശ്ചിത്തം ചെയ്യാൻ കഴിയില്ല.

32 അതിനാൽ, ഒരു ചെറിയ ആട്ടിൻകുട്ടിയുടെ, അവൻ നിരപരാധിയായ ഒരു മൃഗത്തിന്റെ ജീവനെടുത്തു. പഴയ നിയമത്തിൻ കീഴിൽ, ഒരു മനുഷ്യൻ പാപം ചെയ്യുമ്പോൾ, ആട്ടിൻകുട്ടിയെ യാഗപീഠത്തിങ്കൽ കൊണ്ടുവരണം, എന്നത് നിയമം ആയിരുന്നു. അവൻ കല്പനകളിൽ ഏതെങ്കിലും ലംഘിച്ചെന്നു പറയാം, അവൻ ആ ആട്ടിൻകുട്ടിയെ കൊണ്ടുവന്ന് യാഗപീഠത്തിങ്കൽ അതിനെ കിടത്തി, അവൻ ആ ആട്ടിൻകുട്ടിയുടെ മേൽ തന്റെ കൈകൾ വെച്ചു അവൻ പാപങ്ങൾ ഏറ്റുപറഞ്ഞിരുന്നു, അവൻ തെറ്റു ചെയ്തെന്നും അവൻ കുറ്റക്കാരനാണെന്നും അവന് അറിയാമായിരുന്നു. നിമിത്തം... ആയിട്ട്...ന്യായ പ്രമാണം മരണം ആവശ്യപ്പെട്ടിരുന്നു. അവന് പകരം അവൻ ആ ആട്ടിൻ കുട്ടിയെ കൊണ്ടുവരുന്നു. പിന്നെ അവൻ... ചെറിയ മൃഗത്തിന്റെ കഴുത്ത് മുറിക്കുമ്പോൾ, അത് അതിന്റെ ചെറിയ കാലുകൾകൊണ്ട് ചവിട്ടാൻ തുടങ്ങിയിട്ട്, ഉറക്കെ കരയുന്നു. നിങ്ങൾ എപ്പോഴെങ്കിലും ഒരു ആട്ടിൻകുട്ടിയെ അറുക്കുന്നത് കണ്ടാൽ, എത്ര ദയനീയമായ ഒരു നിലവിളിയാണ്! ആ പാവം വസ്തു ഉച്ചത്തിൽ കരയാൻ ശ്രമിക്കുന്നു, അവന്റെ ചെറിയ കഴുത്തിന്റെ രക്ത നാഡി മുറിഞ്ഞുപോയി. അവൻ ചവിട്ടുകയും വിറയ്ക്കുകയും, അവൻ നേരെയാക്കുമ്പോൾ, വീണ്ടും വിറയ്ക്കുകയും ഉറക്കെ വിളിക്കുകയും, രക്തം ഒഴുകിയിട്ട്, അത് അവന്റെ ചെറിയ രോമത്തെയും ആരാധകന്റെ കൈകളെയും നനയ്ക്കുന്നു.

33 വ്യഭിചാരം ചെയ്തതിനു, കള്ളം പറഞ്ഞതിനു, മോഷ്ടിച്ചതിനു, തന്റെ കുറ്റം എന്തായിരുന്നാലും, ആ ആരാധകൻ തിരിച്ചറിയുന്നതുപോലെ, അല്ലെങ്കിൽ ദുഷിച്ച ചിന്ത പോലും, അത് ഏറ്റവും ചെറിയ നിഴലിൽ ആയിരുന്നാലും, അവൻ കുറ്റക്കാരനാണ്, കാരണം അത് അവന്റെ സ്വഭാവമാണ്. അവൻ ഒരു കുറ്റം ചെയ്ത വ്യക്തിയായിരുന്നു, ചിലപ്പോൾ ആഗ്രഹം കൊണ്ട് ആയിരിക്കില്ല, മറിച്ച് സ്വഭാവത്താൽ അവൻ കുറ്റക്കാരനാണ്. അവന്റെ സ്ഥാനത്ത് ഈ നിരപരാധിയായ ആട്ടിൻകുട്ടി മരിച്ചെന്ന് അവന് തിരിച്ചറിയേണ്ടിയിരുന്നു. പിന്നെ ചെറിയ വസ്തുവിന് അവനു കുറ്റബോധം തോന്നി.

34 എന്നാൽ ആ മനുഷ്യൻ, ആട്ടിൻകുട്ടി ചത്ത ഉടൻ, ആട്ടിൻകുട്ടിയുടെ രക്തം അവന്റെ കൈകളിൽ ആയിരിക്കുമ്പോൾ തന്നെ, തുടക്കത്തിൽ അവനിൽ ഉണ്ടായിരുന്ന, അതേ ആഗ്രഹത്തോടെ അവൻ കെട്ടിടത്തിൽ നിന്ന് നടന്നു പോകുന്നു. എന്തുകൊണ്ട്? കാരണം ആ

ആട്ടിൻ കുട്ടിയിൽ ഉണ്ടായിരുന്ന ജീവൻ...ജീവൻ രക്തത്തിൽ ആകുന്നു. നിങ്ങളുടെ ജീവൻ നിങ്ങളുടെ രക്തത്തിലാണ്. അത് നമുക്കറിയാം. ആ ആട്ടിൻകുട്ടിയുടെ രക്തത്തിലുള്ള ജീവൻ മൃഗത്തിന്റെ ജീവൻ ആയിരുന്നു, അതിനാൽ അതിന്റെ ചെറിയ രക്താണു തകർക്കപ്പെട്ട് ആ മൃഗത്തിൽ നിന്ന് ജീവൻ പുറപ്പെട്ടു പോയിട്ട്, ആ ആരാധകൻ ഒരു മനുഷ്യൻ ആയിരുന്നതിനാൽ, ആരാധകന്റെ അടുത്തേക്ക് തിരികെ വരാൻ അതിന് കഴിഞ്ഞിരുന്നില്ല.

35 രക്തം ഒരു ആവരണം ഉണ്ടാക്കി, പക്ഷേ അതിന് പൂർണ്ണമായി പ്രായശ്ചിത്തം ചെയ്യാൻ കഴിഞ്ഞിരുന്നില്ല; അതിനാൽ ആ മനുഷ്യൻ കെട്ടിടം വിട്ടുപോയത്, അവനു ആദ്യം ഉണ്ടായിരുന്നതുപോലെ, പാപം ചെയ്യാനുള്ള അതേ ആഗ്രഹത്തോടെയാണ്. പക്ഷേ, ഇത് ചെയ്തുകൊണ്ട്, സൽഗുണപൂർണ്ണനായ ഒരു കുഞ്ഞാട് വരുന്ന ഒരു സമയത്തിനായി അവൻ കാത്തിരിക്കുകയായിരുന്നു. അവൻ ഹോമ യാഗത്താൽ അതു ചെയ്തിരുന്നു, കാരണം അവനു അറിയാവുന്ന ഒരേയൊരു വഴി അതായിരുന്നു.

36 അതിനാൽ, നിങ്ങൾ നോക്കൂ, ആ രക്തം ഒഴുകുകയും, മൃഗത്തിൽ നിന്ന് ജീവൻ പോകുകയും ചെയ്തപ്പോൾ, അതിന് മനുഷ്യനിലേക്ക് തിരികെ വരാൻ കഴിഞ്ഞില്ല; കാരണം, ഒന്ന് മൃഗവും, മറ്റേത് മനുഷ്യനും ആയിരുന്നു; ഒരു നിരപരാധിയായ മൃഗവും, ഒരു കുറ്റവാളിയായ മനുഷ്യനും.

37 പക്ഷേ, ഓ, രണ്ടായിരം വർഷങ്ങൾക്ക് മുമ്പ്, ഒരു നാൾ, ദൈവത്തിന്റെ കുഞ്ഞാട് ബേത്ലഹേമിലെ ഒരു ചെറിയ പുൽത്തൊട്ടിയിൽ ജനിച്ചു, ഒരു ചെമ്മരിയാടിനെപ്പോലെ അതിനെ അറുക്കുവാൻ കൊണ്ടുപോയി. ഏകദേശം ആയിരത്തി തൊള്ളായിരം വർഷങ്ങൾക്ക് മുമ്പ്, ഇന്ന് ഉച്ചതിരിഞ്ഞ്, മൂന്ന് മണിക്ക് അവൻ മരിച്ചു. കളങ്കമില്ലാത്ത, കുറ്റമറ്റ ദൈവത്തിന്റെ കുഞ്ഞാട് കാൽവരി ക്രൂശിൽ ഓരോ പാപിക്കും വേണ്ടി തൂങ്ങി മരിച്ചു. ആരാധകൻ ഈ കുഞ്ഞാടിന്റെ അടുക്കൽ വരുമ്പോൾ, വിശ്വാസത്താൽ! ഇത് വ്യത്യസ്തമായ ഒരു വിധത്തിലെ കുഞ്ഞാടാണ്. അത് മറ്റേത് പോലുള്ള ഒരു കുഞ്ഞാടല്ല.

38 ദൈവം അവനെ ആദ്യം ആകർഷിച്ചിട്ടല്ലാതെ, ആർക്കും ഈ കുഞ്ഞാടിന്റെ അടുക്കൽ വരാൻ കഴിയില്ല. ദൈവത്തിന്റെ പരമാധികാരം നിങ്ങൾ കാണുന്നോ? ഓ, ഇത് ഇപ്പോൾ ആഴത്തിൽ കുതിർക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നോക്കൂ. അവനു ഈ ലോകത്തിൽ ആടുകളുണ്ടെന്ന് ദൈവത്തിന് അറിയാമായിരുന്നു. രക്ഷിക്കപ്പെടാൻ ജനങ്ങൾ ഉണ്ടാകുമെന്ന് അവന് അറിയാമായിരുന്നു, അവന്റെ സ്നേഹം താഴേക്ക് നോക്കി

രക്ഷിക്കപ്പെടുന്നവരെ കണ്ടു; അതിനാൽ, മുന്നറിവിനാൽ, കറയോ ചുളിവോ ഇല്ലാതെ, അവനെ എതിരേൽക്കാൻ അവൻ ഒരു സഭയെ മുൻകൂട്ടി നിശ്ചയിച്ചു. വാട്ടമോ ചുളിവോ ഇല്ലാത്ത ഒരു സഭയെ ദൈവം ആവശ്യപ്പെട്ടെങ്കിൽ, അത് ആ രീതിയിൽ നിർമ്മിക്കാൻ അവന് എന്തെങ്കിലും ഉണ്ടായിരിക്കണം. അവന്റെ നീതി, അവന്റെ വിധികൾ, അവനു അതു ആവശ്യപ്പെടാൻ കഴിഞ്ഞില്ല അതു ഉണ്ടാക്കാൻ അങ്ങനെ ഒരു വഴിയും ഇല്ലെങ്കിൽ ആ കാര്യം ചോദിക്കാൻ അവനെ അനുവദിക്കുകയില്ല.

39 മനുഷ്യന് അത് സ്വയം ചെയ്യാൻ കഴിയില്ല. അവൻ ഒരു പൂർണ്ണ പരാജയമാണ്. അത് ന്യായപ്രമാണത്തിലൂടെയും, ന്യായാധിപന്മാരിലൂടെയും, പഴയ നിയമത്തിലൂടെയും മുഴുവൻ കാണാൻ ദൈവം അവനെ അനുവദിച്ചു. അവൻ പ്രവാചകന്മാരെ അയച്ചു, അവൻ നീതിമാന്മാരെ അയച്ചു, ഓരോരുത്തരും പരാജയപ്പെട്ടെന്ന് അവർ കണ്ടു.

40 അങ്ങനെ, ദൈവം, തന്റെ പരമാധികാരത്തിന്റെ കൃപയാൽ, നമ്മുടെ സ്ഥാനം എടുക്കാൻ, തന്റെ ഏകജാതനായ പുത്രനെ, മഹത്വത്തിന്റെ കവാടങ്ങളിൽ നിന്ന് അയച്ചു.

41 ഓർക്കു, റോമിലെ ഒരു പോപ്പിനോട് അത് എടുക്കണമെന്ന് അവൻ പറഞ്ഞിരുന്നെങ്കിൽ, അവന് അത് ചെയ്യാൻ കഴിയുമായിരുന്നില്ല. കാന്റർബറി ആർച്ച് ബിഷപ്പിനോട് അത് ചെയ്യണമെന്ന് അവൻ പറഞ്ഞിരുന്നെങ്കിൽ, അവന് അത് ചെയ്യാൻ കഴിയുമായിരുന്നില്ല. അവൻ ലോകത്തിലെ ഏറ്റവും പരിശുദ്ധനായ പിതാവിനെയോ ബിഷപ്പിനെയോ വിളിച്ചിരുന്നെങ്കിൽ, അവന് അത് ചെയ്യാൻ കഴിയുമായിരുന്നില്ല. ഈസ്കാര്യോത്താ യൂദായെപ്പോലെ തന്നെ അവൻ തിരസ്കരിക്കപ്പെട്ടുമായിരുന്നു. അവന് അത് ചെയ്യാൻ കഴിഞ്ഞിരുന്നില്ല, കാരണം അവൻ "പാപത്തിൽ ജനിച്ച്, അകൃത്യത്തിൽ ഉരുവായി, നുണ പറഞ്ഞുകൊണ്ട് ലോകത്തിലേക്ക് വന്നിരുന്നു," അവനു വേണ്ടിയും പ്രായശ്ചിത്തം ആവശ്യമായിരുന്നു.

42 ഹല്ലേലൂയാ! എന്നാൽ അവിടെ മഹത്വത്തിന്റെ കവാടങ്ങളിൽ നിന്ന് ഒരുവൻ വന്നു; മറ്റാരുമല്ല, ഒരു മനുഷ്യനല്ല, ഒരു നല്ല മനുഷ്യനല്ല, ഒരു യഹൂദനോ ഒരു വിജാതിയനോ അല്ല. മനുഷ്യ ശരീരത്തിൽ മറഞ്ഞിരുന്ന, സർവ്വശക്തനായ ദൈവത്തെക്കാൾ കുറഞ്ഞവനായിരുന്നില്ല അവൻ. തന്റെ സ്വന്തം രക്തം സമർപ്പിക്കാനാണ്, സ്വയം, അവൻ വന്നത്, കാരണം അത് ലൈംഗികതയിലൂടെ വന്നതല്ല. ലൈംഗികതയ്ക്ക് അതുമായി യാതൊന്നും ചെയ്യാനില്ലായിരുന്നു. അവൻ ഒരു കന്യകയിൽ നിഴലിട്ടു,

അവൻ സൃഷ്ടിച്ച ഒരു രക്തകോശത്തിൽ നിന്ന്, അവൻ തന്നെ, നിരപരാധിയായ ഒരുവനെ പുറപ്പെടുവിച്ചു.

43 അപ്പോൾ എന്റെ രക്ഷയും, നിങ്ങളുടേതും, ഈ രാത്രി, നമ്മുടെ സ്വന്തം പ്രവൃത്തികളുടെ ഗുണങ്ങളിൽ ആശ്രയിക്കുന്നില്ല. അവനിൽ നമ്മെ തിരഞ്ഞെടുത്ത സർവ്വശക്തനായ ദൈവത്തിന്റെ ക്രിയാത്മകമായ പരമാധികാര കൃപയിൽ അത് ആശ്രയിച്ചിരിക്കുന്നു. തീർച്ചയായും. എനിക്ക് ഒരിക്കലും സൽഗുണപൂർണ്ണനാകാൻ കഴിയില്ല, അതല്ല നിങ്ങൾക്ക് ഒരിക്കലും സൽഗുണപൂർണ്ണനാകാൻ കഴിയില്ല. നമ്മൾ സൽഗുണപൂർണ്ണരാണെന്ന് അവകാശപ്പെടുന്നില്ല. എന്നാൽ നമുക്ക് ഈ ഒരു ആശ്വാസമുണ്ട്, അതായത്, നമ്മുടെ വിശ്വാസം ഇതിനകം ലഭിച്ച ഒരു സൽഗുണപൂർണ്ണമായ ത്യാഗത്തിലാണ് വിശ്രമിക്കുന്നത്!

44 അപ്പോൾ നമുക്ക് അത് ലഭിക്കുന്നുണ്ടെന്ന് എങ്ങനെ അറിയാം? വിശ്വാസത്താൽ, കർത്താവായ യേശുവിന്റെ ശരീരത്തിൽ, ആരാധകൻ അവന്റെ കൈകൾ വയ്ക്കുമ്പോൾ, പാപത്തിന്റെ ആ ഭീകരത അനുഭവപ്പെടുകയും, അവന്റെ മുഖത്തെ തുപ്പലിന്റെ പരിഹാസം, ഗെത്ത്ശെമനയുടെ തേങ്ങലുകൾ, കാൽവരിയിലെ വേദനകൾ, അവൻ കുറ്റക്കാരനാണെന്ന് അറിയുകയും, അവന്റെ പാപങ്ങൾ ശരിയായി ഏറ്റുപറയുകയും ചെയ്യുന്നു, "ഓ വാഴ്ത്തപ്പെട്ട കർത്താവേ, ഞാൻ കുറ്റക്കാരനാണ്. എന്നെ സഹായിക്കാൻ നീയല്ലാതെ വേറെ ഒരു വഴിയും ഇല്ല. വിശ്വാസത്താൽ...നിങ്ങളെ ക്ഷണിച്ചിരിക്കുന്നു, പരിശുദ്ധാത്മാവ്, വന്നു എന്നെ വരാൻ ക്ഷണിച്ചിരിക്കുന്നു. ഞാൻ ഇപ്പോൾ, വിശ്വാസത്താൽ, യേശുവിനെ എന്റെ സ്വന്ത രക്ഷകനായി സ്വീകരിക്കുന്നു." കർത്താവായ യേശുവിന്റെ രക്ത കോശത്തിൽ മറഞ്ഞിരുന്ന, പരിശുദ്ധാത്മാവ് എന്ന് വിളിക്കപ്പെടുന്നവൻ, കാൽവരിയിൽ നിന്ന് അവനിൽ നിന്നു വന്ന ആ ജീവൻ, ആരാധകന്റെ അടുത്തേക്ക് മടങ്ങുകയും, അവനെ ക്രിസ്തുവിന്റെ ശരീരത്തിലേക്ക് പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുത്തുകയും ചെയ്യുന്നു.

45 അവൻ മുന്നമേ ന്യായം വിധിക്കപ്പെട്ടിരിക്കുന്നു. ന്യായവിധിയെക്കുറിച്ച് നിങ്ങൾ വിഷമിക്കേണ്ടതില്ല. ഞാൻ തിരിഞ്ഞ് ആ ചെറിയ ക്രൂശിത രൂപത്തിലേക്ക് നോക്കുമ്പോൾ, അത് അങ്ങനെയാണെന്ന് ഞാൻ മനസ്സിലാക്കുന്നു...അവന്റെ ശരീരത്തെ പ്രതിനിധീകരിക്കുന്നു. ഇപ്പോൾ ആ ശരീരം ഇതിനകം ന്യായം വിധിക്കപ്പെട്ട് കഴിഞ്ഞിരിക്കുന്നു. ദൈവത്തിന് അതിനെ വീണ്ടും ന്യായം വിധിക്കാൻ കഴിയില്ല, കാരണം അത് ഇതിനകം ന്യായം

വിധിക്കപ്പെട്ടതാണ്. ദൈവം ആ ശരീരത്തിന്മേൽ മരണത്തിന്റെ ന്യായവിധിയാൽ പ്രഹരിച്ചു. ആ ശരീരത്തിൽ മറഞ്ഞിരിക്കാൻ എനിക്ക് ഒരു വഴി കണ്ടെത്താൻ കഴിയുന്നിടത്തോളം, അവന്റെ ന്യായവിധി എനിക്കും നിങ്ങൾക്കും വേണ്ടി ആയിരുന്നു. നാം സ്വതന്ത്രരാണ്! റോമർ 8:1, പറയുന്നു, "അതുകൊണ്ട് ഇപ്പോൾ ക്രിസ്തു യേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല, ജഡത്തെ അനുസരിച്ചല്ല, ആത്മാവിനെ അനുസരിച്ചു നടക്കുന്നവർക്ക്." അവിടൊണ് നിങ്ങൾ, ഒരു ശിക്ഷാവിധിയും ഇല്ല! എന്തു വരുന്നു എന്നോ എന്തു പോകുന്നോ എന്നു ഞാൻ കാര്യമാക്കുന്നില്ല, നിങ്ങൾ ആ രക്തത്തിനടിയിൽ മറഞ്ഞിരിക്കുന്നു.

46 വീണ്ടും, നമുക്ക് എങ്ങനെ ആ ശരീരത്തിൽ പ്രവേശിക്കാം? ഒന്ന് കൊരിന്ത്യർ 12:13, അതു പറയുന്നു, "ഒരേ ആത്മാവിൽ!" ആ ആത്മാവ് വരുന്നത് എങ്ങനെയാണ്? ആ യാഗത്തിലൂടെ. ആ ആത്മാവ് എവിടെ ആയിരുന്നു? രക്തത്തിനുള്ളിൽ. എന്തുകൊണ്ടാണ് മൃഗത്തിന് തിരികെ വരാൻ കഴിയാത്തത്? അതൊരു മൃഗമായിരുന്നു. മൃഗത്തിന്റെ ആത്മാവിനു മനുഷ്യന്റെ ആത്മാവിന്റെ അടുത്തേക്ക് വന്ന് അതുമായി ഒന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല, കാരണം മനുഷ്യന്റെ ആത്മാവ് മൃഗത്തേക്കാൾ ഉയർന്ന ജീവന്റെ നിരയിൽ ആയിരുന്നു. എന്നാൽ മറ്റൊരു മനുഷ്യന്റെ ആത്മാവിനും തിരിച്ചുവരാൻ കഴിഞ്ഞിരുന്നില്ല. നിങ്ങൾക്ക് ഏതെങ്കിലും പൂർവ്വികന്റെ ആത്മാവ് ലഭിച്ചിട്ടുണ്ടെങ്കിൽ, അത് മൃതാത്മ സംയോഗവാദമാണ്. എന്നാൽ ദൈവം സ്വയം വന്നു, അത് അവന്റെ ആത്മാവായി, അത് അവിടെയുള്ള ഏറ്റവും ഉയർന്ന നിരയിലെ ആത്മാവായി, പരിശുദ്ധാത്മ സ്നാനത്തിന്റെ രൂപത്തിൽ, ആരാധകനിലേക്ക്, ക്രിസ്തുവിന്റെ രക്തത്തിലൂടെ തിരികെ വന്ന്, അവനെ ശരീരത്തിലേക്ക് എടുക്കുന്നു. അവൻ സുരക്ഷിതനാണ്!

47 ശ്രദ്ധിക്കു. കാളകളുടേയും ആട്ടുകളുടേയും രക്തം ബലഹീനമാണെന്നു കണ്ടിട്ട്, അതിന് ഫലമുണ്ടായില്ല. ഇനി നമുക്ക് 12-ാം വാക്യത്തിനോട് അടുപ്പിച്ച്, വായിക്കാൻ തുടങ്ങാം. അങ്ങനെയാകട്ടെ. കാളകളുടെയും ആട്ടുകളുടെയും രക്തത്തിന് പ്രവർത്തിക്കാൻ കഴിഞ്ഞില്ല, പ്രായശ്ചിത്തം ചെയ്യാനും കഴിഞ്ഞില്ല. ശ്രദ്ധിക്കു.

> *എന്നാൽ ഈ മനുഷ്യൻ,* (ഏതു മനുഷ്യൻ? ബിഷപ്പോ? അല്ല. പോപ്പോ? അല്ല.)...

*എന്നാൽ ഈ മനുഷ്യൻ, അവൻ...* പാപത്തിനു *വേണ്ടി ഏകയാഗം കഴിച്ചിട്ടു, എന്നേക്കും ദൈവത്തിന്റെ വലത്തു ഭാഗത്തു ഇരുന്നുകൊണ്ടു;*

*അവന്റെ ശത്രുക്കൾ അവന്റെ പാദപീഠം ആകുവോളം കാത്തിരിക്കുന്നു.*

48 നിങ്ങൾ തയാറാണോ? നിങ്ങൾ വചനത്തിനു വേണ്ടി തയ്യാറാണോ? ഇത് കേൾക്കു, എന്നിട്ട് നിങ്ങൾ ഇതിനെ മുങ്ങാൻ അനുവദിക്കുമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ശ്രദ്ധയോടെ കേൾക്കു.

*ഏക യാഗത്താൽ* (ആണ്ടുതോറും അല്ല, ഉണർവ്വിനു ശേഷമുള്ള ഉണർവ്വ് അല്ല, യോഗത്തിനു ശേഷം യോഗം അല്ല, ദിവസന്തോറും അല്ല)...

എന്നാൽ *ഏക യാഗത്താൽ* അവൻ p-e-r-f-e-c-t-e-d ചെയ്തിരിക്കുന്നു (അവർക്ക് ഉണ്ടായിരുന്നോ? അവനു ഉണ്ടായിരുന്നു!)...

...*ഏക യാഗത്താൽ അവൻ വിശുദ്ധീകരിക്കുന്നവർക്കു* (അതാണ് ദൈവത്തിന്റെ ആവശ്യം) *സദാ കാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു.*

49 അവിടെയാണ് നിങ്ങൾ. അതാണ് ക്രിസ്തുവിന്റെ മരണത്തിന്റെ ഉത്തരം. അതാണ് കാൽവരിയുടെ ഉത്തരം. അവൻ തികച്ചും, തന്റെ സ്വന്തം രക്തത്താൽ, നമ്മുടെ പാപങ്ങളെ വിലയ്ക്കുവാങ്ങി, അവന്റെ വിശ്വാസികളെ, എന്നേക്കുമായി സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു. അതിനാൽ, ക്രിസ്തുവിൽ നാം നിഷ്കളങ്കരായി, സർവ്വശക്തനായ ദൈവത്തിന്റെ സന്നിധിയിൽ സൽഗുണപൂർത്തി ഉള്ളവരായി നിൽക്കുന്നു. നമ്മുടെ സ്വന്തം ഉപദേശങ്ങളാൽ, നാം അടിസ്ഥാന ജീവിത സൗകര്യങ്ങളും അവകാശങ്ങളും നിഷേധിക്കപ്പെട്ടവരാണ്; ഒരു നിശ്ചിത സ്ഥലത്ത് എത്തി, ഒരു നിശ്ചിത കാര്യം ചെയ്യണം എന്നാണ് നമ്മെയെല്ലാം പഠിപ്പിച്ചിരിക്കുന്നത്. വേണ്ട, എന്റെ സഹോദരാ, ഇത് നിങ്ങൾ ചെയ്ത ഒന്നും അല്ല; അത് ദൈവം നിങ്ങൾക്കായി ചെയ്തതാണ്! നമ്മൾ ഇപ്പോൾ, നാം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടാൽ, ദൈവ സന്നിധിയിൽ എന്നേക്കുമായി നാം സൽഗുണപൂർത്തി പ്രാപിക്കുന്നു.

50 പിന്നെ യേശു പറഞ്ഞു, "ആകയാൽ നിങ്ങൾ സൽഗുണപൂർണ്ണരായിരിപ്പിൻ." അന്ന്, അത് എന്നേക്കുമായി സൽഗുണപൂർത്തി വരുത്തി. ഇന്ന്, ആയിരത്തി തൊള്ളായിരം വർഷങ്ങൾക്ക് മുമ്പ്, ക്രിസ്തുവിന്റെ മരണത്തിലൂടെ, ദൈവം,

അതിനാൽ ലോകസ്ഥാപനത്തിനു മുമ്പ് അവൻ മുൻകണ്ട വിശ്വാസിയെ, എന്നേക്കുമായി, സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു. അവൻ വിളിച്ചവരെ, അവൻ നീതീകരിച്ചിരിക്കുന്നു. "അവൻ മുന്നറിഞ്ഞവരെ, അവൻ വിളിച്ചും; അവൻ വിളിച്ചവരെ, അവൻ നീതീകരിച്ചും; അവൻ നീതീകരിച്ചവരെ, അവൻ ഇതിനകം തേജസ്കരിച്ചുമിരിക്കുന്നു." അവൻ തന്റെ വിശ്വാസികളെ സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു!

51 നോക്കു, നമുക്ക് ഇപ്പോൾ 1-ാം വാക്യത്തിലേക്ക് തിരികെ പോകാം.

> ...*ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ,* ആ *കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ലായ്കകൊണ്ടു, അതേ യാഗങ്ങളാൽ* അടുത്തു വരുന്നവർക്കു *ആണ്ടുതോറും ഇടവിടാതെ കഴിച്ചുവരുന്നവർക്കു* വരുന്നവർക്ക് *സൽഗുണപൂർത്തി വരുത്തുവാൻ ഒരുനാളും കഴിവുള്ളതല്ല.*

52 ശ്രദ്ധിക്കു "സൽഗുണപൂർത്തി," നമ്മൾ സംസാരിക്കുന്നത് അതിനെപ്പറ്റിയാണ്.

> *അപ്പോൾ* അവർ *യാഗം കഴിക്കുന്നതു നിന്നുപോകയില്ലയോ? എന്തെന്നാൽ* ആരാധനക്കാർക്കു *ഒരിക്കൽ ശുദ്ധിവന്നതിന്റെ ശേഷം* പാപത്തെ *കുറിച്ചുള്ള മനോബോധം പിന്നെ ഇല്ലായ്കകൊണ്ടു.*

53 നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്? അവിടെ *മനോബോധം* എന്ന പദത്തിന്റെ, ശരിയായ, വ്യാഖ്യാനം "ആഗ്രഹം." ഒരു മനുഷ്യൻ വന്നിട്ട്, ആ ആരാധകൻ, ക്രിസ്തുവിന്റെ മുമ്പിൽ, നേരെ, അവന്റെ കഷ്ടപ്പാടുകൾ കണ്ടിട്ട്, അവൻ സ്വയം ക്രിസ്തുവിന് സമർപ്പിച്ചിട്ട്, പറയുന്നു, "ഓ ദൈവമായ കർത്താവേ, പ്രായശ്ചിത്തം ചെയ്യാൻ കഴിയുന്ന യാതൊന്നും എന്നിൽ ഇല്ല, എന്നാൽ ഞാൻ പൂർണ്ണമായും നിന്നിൽ ആശ്രയിക്കുന്നു." അപ്പോൾ പരിശുദ്ധാത്മാവ് ആ മനുഷ്യ ഹൃദയത്തിൽ വരുന്നു, പാപത്തിന്റെ ആ പ്രശ്നം എന്നേക്കുമായി പരിഹരിക്കപ്പെടുന്നു. കാരണം പാപത്തിന്റെ സകല ആഗ്രഹങ്ങളും നിങ്ങളിൽ നിന്ന് നീക്കപ്പെടുന്നു. ന്യായപ്രമാണത്തിന് അത് ചെയ്യാൻ കഴിയുമായിരുന്നെങ്കിൽ, ആ യാഗം കഴിക്കൽ നിർത്തേണ്ടി വരാതെ; അതിന് സാധിക്കാത്തതിനാൽ, നമ്മെ സർഗുണപൂർണ്ണരാക്കാൻ, ക്രിസ്തുവിന് മരിക്കേണ്ടി വന്നു.

54 സുഹൃത്തുക്കളേ, സർഗുണപൂർത്തിയെപ്പറ്റി, ഇന്ന് രാത്രി നമുക്ക് പറയാൻ കഴിയുന്ന നിരവധി കാര്യങ്ങളുണ്ട്. നമ്മൾ എപ്പോഴും മറ്റൊരാളിൽ നിന്ന് കണ്ണ് ചൂഴ്ന്നെടുക്കാൻ ശ്രമിക്കുന്നു, നമ്മെ അവരെ—

അവരെക്കാൾ അല്പം മുന്തിയ വിശുദ്ധരാക്കാൻ നാം സ്വയം ശ്രമിക്കുന്നു. എന്നാൽ നമ്മൾ ചിത്രത്തിലേക്ക് മാത്രം നോക്കിയാൽ, നമ്മൾ എന്താണോ അത് ദൈവത്തിന്റെ കൃപ മാത്രമാണ്.

55 ഇവിടെ കുറച്ച് മുമ്പ്, ഒഹായോയിൽ, ഞാൻ ഒരു പാഠം കഠിനമായി വിധത്തിൽ പഠിച്ചു. ഞാൻ ഒഹായോയിൽ ഒരു യോഗം നടത്തുകയായിരുന്നു, ഞാൻ ദേശത്തിന്റെ പുറത്ത് താമസിച്ചിരുന്നു. ജനക്കൂട്ടം കാരണം, എനിക്ക് പട്ടണത്തിൽ താമസിക്കാൻ കഴിഞ്ഞില്ല.

56 ഞങ്ങൾ ഒരു ചെറിയ ഡങ്കാർഡ് റെസ്റ്റോറന്റിൽ ഭക്ഷണം കഴിക്കുകയായിരുന്നു. വളരെ സുന്ദരികളായ ചെറിയ പരിചാരികമാരും, മാന്യമായി വസ്ത്രം ധരിച്ച്, അവർക്ക് കഴിയുന്നത്ര വൃത്തിയുള്ളവരുമായി, നല്ല മഹിളകളെപ്പോലെ, ഞങ്ങൾക്കായി കാത്തിരുന്നിരുന്നു. അത്തരമൊരു സ്ഥലത്ത് ഭക്ഷണം കഴിക്കുന്നത്, സ്വർഗ്ഗത്തിലെ ഒരു ചെറിയ സ്ഥലം പോലെയായിരുന്നു. അവരുടെ അടുക്കള വളരെ വൃത്തിയുള്ളതും കാണാൻ വളരെ നല്ലതും ആയിരുന്നു. ഞായറാഴ്ച അവർ അടച്ചിട്ട് അവരുടെ പള്ളിയിലേക്ക് പോയിരുന്നു. ഞായറാഴ്ച ഉച്ചതിരിഞ്ഞ് ഞാൻ പ്രസംഗിക്കാൻ പോകുകയായിരുന്നു, എനിക്ക് ഒരു ചെറിയ വിശപ്പ് തോന്നി.

57 ഞാൻ ഒരു സാധാരണയായ ചെറുതിലേക്ക് പോയി... എന്തെങ്കിലും കഴിക്കാനായി, ഒരു സാധാരണ ചെറിയ അമേരിക്കൻ റെസ്റ്റോറന്റ്. ഞാൻ വാതിലിന്റെ ഉള്ളിലേക്ക് നടന്നു ചെന്നപ്പോൾ, ഒരു സ്ലോട്ട് മെഷീൻ കളിക്കുന്നതാണ് ഞാൻ കേട്ടത്! എന്റെ പ്രായത്തിലുള്ള ഒരു മനുഷ്യൻ അവിടെ നിൽക്കുന്നുണ്ടായിരുന്നു, ഒരുപക്ഷേ അത് ഒരു വിവാഹിതനായ പുരുഷനായിരിക്കും, തന്റെ കൈ കൊണ്ട് ഒരു സ്ത്രീയെ ചുറ്റിപ്പിടിച്ച്, ഒരു സ്ലോട്ട് മെഷീൻ കളിക്കുന്നു. നമ്മുടെ നിയമം തന്നെ, നമ്മുടെ നീതിയുടെ സംരക്ഷണം, നമ്മുടെ നന്മകൾ, അവൻ സംരക്ഷിക്കേണ്ട കാര്യത്തെ തന്നെ ലംഘിച്ചുകൊണ്ട് അവിടെ നിൽക്കുകയായിരുന്നു. കാരണം, ഒഹായോയിൽ സ്ലോട്ട് മെഷീൻ കളിച്ച്, ചൂതാട്ടം നടത്തുന്നത് നിയമവിരുദ്ധമാണ്.

58 ഞാൻ തിരിഞ്ഞ് കെട്ടിടത്തിന്റെ പുറക് വശത്തേക്ക് നോക്കി, അവിടെ ഒരു കൂട്ടം കൗമാരക്കാരായ ആൺകുട്ടികൾ, ഉപകരണത്താൽ ഒരു റോക്ക്-ആൻഡ്-റോളിന്റെ പാട്ട്, പാടിക്കുന്നു. ഏകദേശം പതിനെട്ട് വയസ്സു വരുന്ന ഒരു യുവതി, അവളുടെ ശരീരഘടനയ്ക്ക് കീഴിൽ ഒരു സ്ത്രീ എന്ന നിലയിൽ വളരെ വൃത്തിയിൽ ആയിരുന്നു. പക്ഷേ അവളുടെ വസ്ത്രം മുൻവശത്ത് തൂങ്ങിക്കിടന്നിട്ട് അവൾ അവിടെ നിൽക്കുകയായിരുന്നു, ആ ആൺകുട്ടികളിൽ ഒരുവൻ

ഈ പെൺകുട്ടിയുടെ മേൽ തന്റെ കൈവെച്ച്, അവർ അവിടെ ആയിരിക്കാൻ പാടില്ലാത്തതാണ്. അവർ പുകവലിക്കുകയും മദ്യപിക്കുകയും ചെയ്യുിരുന്നു.

ഞാൻ ചിന്തിച്ചു, "ഓ ദൈവമേ, നിനക്ക് എങ്ങനെ സഹിക്കുന്നു?"

59 ആരുടെയോ ഒരു ഞരക്കത്തോടെയുള്ള കരച്ചിൽ കേട്ടപ്പോൾ, ഞാൻ എന്റെ വലതു വശത്തേക്ക് നോക്കി. അവിടെ പ്രായമായ ഒരു സ്ത്രീ ഇരുന്നിരുന്നു, ഒരുപക്ഷേ അറുപതോ, അതല്ല എഴുപതോ വയസ്സു വരും. അവൾ ആ പഴയ അശ്ലീല വസ്ത്രങ്ങൾ ധരിച്ചിരുന്നു, അവളുടെ അവയവങ്ങളുടെ പകുതിയുടെ മുകളിലായി, അവളുടെ പാവം പഴയ ചുളിവുകളുള്ള മാംസം അത് കഴിയുന്നത്ര മങ്ങിയതായിരുന്നു. അവൾ ഇവിടെ ചുണ്ടിൽ മേക്കപ്പും, അവളുടെ മുഖത്തിന്റെ വശത്ത് ഒരു വലിയ മാന്തളിർ നിറവും, പൂശിയിരുന്നു; ഒരു ചെറിയ ജോഡി ഷൂസ് ധരിച്ചിട്ട്, മെതിയടികൾ, മാന്തളിർ നിറത്തിൽ കാൽ നഖങ്ങൾ, ചായം പൂശി; മാന്തളിർ നിറത്തിൽ നഖങ്ങൾ, ചായം പൂശിയിരുന്നു. അവളുടെ മുടി ശരിക്കും ചെറുതാക്കി മുറിച്ച്, ചുരുട്ടി, നീല ചായം പൂശിയിരുന്നു. ഞാൻ അവളെ നോക്കി.

60 മേശയ്ക്ക് അപ്പുറത്ത് രണ്ടു പുരുഷന്മാർ മദ്യപിച്ചിട്ട്, ഇരുന്നിരുന്നു. അവരിൽ ഒരാൾ (അത് വേനൽക്കാലമായിരുന്നു) ഒരു വലിയ പഴയ പട്ടാളത്തിന്റെ ഓവർ കോട്ടുമായി, അവന്റെ കഴുത്തിനു ചുറ്റും ചാരനിറത്തിലുള്ള ഒരു സ്കാർഫ് ചുറ്റിയിട്ട്, മുഖത്ത് മുഴുവനും താടി രോമവുമായി, ഒരു-ഏമ്പക്കം വിട്ട് നടക്കുന്നു. അവർ സ്വയം ഒഴിവ് കഴിവ് പറഞ്ഞിട്ട്, അവളിൽ നിന്ന്, ആ മനുഷ്യൻ ഒഴിഞ്ഞുമാറി, ഇതു പോലെ വിശ്രമ-മുറിയിലേക്ക്, നടക്കാൻ തുടങ്ങി.

61 ഞാൻ അവിടെ നിന്നിരുന്നു. ഞാൻ പറഞ്ഞു, "ദൈവമേ, എന്തുകൊണ്ടാണ് നീ സകലത്തെയും നശിപ്പിക്കാത്തത്? എന്തുകൊണ്ട് നീ അതിനെ ഭൂമിയുടെ അടിയിൽ മുക്കിക്കളയുന്നില്ല?" ഞാൻ പറഞ്ഞു, "എന്റെ ചെറിയ സാറയും റബേക്കയും അത്തരം കാര്യങ്ങൾക്ക് കീഴിൽ വളരേണ്ടതുണ്ടോ?" ഞാൻ പറഞ്ഞു, "ദൈവമേ, നിന്റെ മഹത്തായ വിശുദ്ധിയിൽ, അങ്ങനെ ഒരു കാര്യത്തെ നോക്കി നിൽക്കാൻ, നിനക്ക് എങ്ങനെ കഴിയുന്നു, ഒരു ഭൂകമ്പം അയച്ച് അതിനെ മുക്കിക്കളയില്ലേ?"

62 ആ സ്ത്രീയെ കുറ്റം വിധിച്ചുകൊണ്ട്, ഞാൻ അവിടെ നിൽക്കുമ്പോൾ, ഞാൻ, വാതിലിനു പിന്നിലേക്ക് നടന്നു. ദൈവത്തിന്റെ ആത്മാവ് എന്നിലേക്ക് വരുന്നതു എനിക്ക് അനുഭവപ്പെട്ടു, ഞാൻ വാതിലിനു പുറകിലേക്ക് നടന്നു.

63 പിന്നെ എന്തോ ഒന്നു കറങ്ങുന്നതു പോലെ ഞാൻ കണ്ടു. അതു കറങ്ങിയപ്പോൾ, ദർശനത്തിൽ, അത് ലോകം ചുറ്റിക്കറങ്ങുന്നതായിരുന്നു. ഞാൻ ശ്രദ്ധിച്ചപ്പോൾ, ലോകത്തിനു ചുറ്റും, ലോകമെമ്പാടും ഒരു കടും ചുവപ്പ് രേഖ ഉണ്ടായിരുന്നു. ഞാൻ ലോകത്തിലേക്ക് വന്നപ്പോൾ, ഒരു കൊച്ചു ബാലനായി, സ്വയം ഞാൻ തന്നെ, ഞാൻ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ ചെയ്യുന്നത് കണ്ടു; ഒരുപക്ഷേ *അതു* പോലെ ആയിരുന്നില്ല, പക്ഷേ അത് പാപമായിരുന്നു. ഞാൻ എന്തെങ്കിലും ചെയ്യുമ്പോഴെല്ലാം, ആ വലിയ കറുത്ത നിഴൽ സ്വർഗ്ഗത്തിലേക്ക് പോകുന്നത് ഞാൻ കണ്ടു. അതിനാൽ, ആ നിമിഷത്തു തന്നെ ദൈവത്തിനു എന്നെ കൊല്ലാമായിരുന്നു.

64 പിന്നെ എനിക്കും ദൈവത്തിനും ഇടയിൽ നിൽക്കുന്നത് ഞാൻ കണ്ടു, ആ സൽഗുണപൂർത്തിയുള്ള യാഗം നിൽക്കുന്നു. അവന്റെ മുഖത്ത് തുപ്പൽ തൂങ്ങി നിൽക്കുന്നതും, അവന്റെ തലയിൽ മുള്ളുമായി ഞാൻ കണ്ടു. ഓരോ തവണയും എന്റെ പാപങ്ങൾ ദൈവത്തിലേക്ക് പോകാൻ തുടങ്ങുമ്പോൾ, അവൻ കാറിലെ ബമ്പർ എന്ന പോലെ, അവൻ കൈ നീട്ടി അതിനെ പിടിക്കും. അവൻ എന്നെ മരണത്തിൽ നിന്ന് സംരക്ഷിച്ചിരുന്നു. ഞാൻ എന്തെങ്കിലും തെറ്റ് ചെയ്യുമ്പോഴെല്ലാം, ദൈവത്തിനു എന്നെ കൊല്ലാമായിരുന്നു. തീർച്ചയായും, അവന്റെ വിശുദ്ധി അത് ആവശ്യപ്പെടുന്നു. അവന്റെ നിയമം അത് ആവശ്യപ്പെടുന്നു. ഓരോ തവണയും ഞാൻ എന്തെങ്കിലും ചെയ്യും, അതല്ല നിങ്ങൾ എന്തെങ്കിലും ചെയ്യും, യേശു ക്രിസ്തുവിന്റെ രക്തം ഒരു ബമ്പർ പോലെ പ്രവർത്തിക്കുന്നു. അപ്പോൾ, ആ കടും ചുവപ്പ് രേഖയുടെ അർത്ഥം ഞാൻ കണ്ടു, രക്തം ഇപ്പോഴും ഭൂമിയെ പിടിച്ചിരിക്കുന്നു.

65 ഞാൻ നിന്നുകൊണ്ട്, നോക്കുമ്പോൾ, ഞാൻ അവനെ ശ്രദ്ധിച്ചിട്ട് ഞാൻ അവനോട് കുറച്ചുകൂടി അടുത്തു ചെന്നു. അവൻ പറയുന്നത് എനിക്ക് കേൾക്കാമായിരുന്നു, "പിതാവേ, അവനോട് ക്ഷമിച്ചാലും, അവൻ ചെയ്യുന്നത് എന്താണെന്നു അവനറിയില്ല." ഞാൻ താഴേക്ക് നോക്കി, അവിടെ ഒരു പുസ്തകം വെച്ചിരിക്കുന്നു. അവിടെ ഒരു റെക്കോർഡ് ചെയ്യുന്ന ദൂതൻ ഉണ്ടായിട്ട്, അവന്റെ വശത്ത് നിന്നിരുന്നു. ഓരോ തവണയും ഞാൻ പാപം ചെയ്തപ്പോൾ, അത് ആ പുസ്തകത്തിൽ എഴുതിയിരുന്നു. അതിൽ എന്റെ പേരും ഉണ്ടായിരുന്നു. ഞാൻ...രക്തത്തിന്റെ വര എടുത്തു മാറ്റുമെന്നും എനിക്ക് ദൈവ സന്നിധിയിൽ നിൽക്കേണ്ടി വരുമെന്നും, ഒരു നാൾ ഞാൻ മനസ്സിലാക്കി, എന്റെ പാപ പൂർണ്ണമായ ജീവിതവുമായി. പക്ഷേ,

അവന്റെ കൃപയാൽ അവൻ എന്റെ വിധിയെ തടഞ്ഞു നിർത്തുന്നത്, ഞാൻ കണ്ടു.

66 താഴ്മയോടെ, ഞാൻ അവന്റെ അടുത്തേക്ക് ചെന്നു. ഞാൻ എന്റെ മുട്ടിന്മേൽ നിന്നുകൊണ്ട്, ഞാൻ പറഞ്ഞു, "ഓ യേശുവേ, ദൈവ പുത്രാ, നിന്റെ സന്നിധിയിൽ വരാൻ ഞാൻ യോഗ്യനല്ല. എന്നാൽ ഞാൻ ചെയ്ത തെറ്റിന് നീ ദയവായി എന്നോട് ക്ഷമിക്കുമോ?"

67 അവൻ തന്റെ കൈകൊണ്ട് അവന്റെ വശത്ത് തൊട്ടിട്ട്, ആ പഴയ പുസ്തകം എടുത്ത് "ക്ഷമിച്ചിരിക്കുന്നു" എന്നു അതിൽ എഴുതി, അത് അവന്റെ പിന്നിലേക്ക് എറിഞ്ഞു, എന്റെ പാപങ്ങൾ പോയ്ക്കഴിഞ്ഞിരിക്കുന്നു! എന്നിട്ട് അവൻ എന്റെ, മുഖത്തേക്ക് കർക്കശമായി നോക്കി, അവൻ പറഞ്ഞു, "ഇപ്പോൾ ഞാൻ നിന്നോട് ക്ഷമിച്ചു, പക്ഷേ നീ അവളെ കുറ്റം വിധിക്കാൻ ആഗ്രഹിക്കുന്നു." അപ്പോൾ അതിന്റെ അർത്ഥം എന്താണെന്നു ഞാൻ കണ്ടു.

68 ഞാൻ ദർശനത്തിൽ നിന്ന് പുറത്തുവന്നപ്പോൾ, ഞാൻ അവളുടെ അടുത്തേക്ക് നടന്നു. ഞാൻ പറഞ്ഞു, "നിങ്ങൾക്ക് എങ്ങനെയുണ്ട്?"

69 അവൾ കുടിക്കുകയായിരുന്നു. അവൾ മുഖമുയർത്തി എന്നെ നോക്കി, അവൾ പറഞ്ഞു, "ഓ, ഹലോ."

ഞാൻ പറഞ്ഞു, "എനിക്ക് ഇരിക്കാമോ?"

അവൾ പറഞ്ഞു, "എനിക്ക് പങ്കുചേരാൻ ആളുണ്ട്."

70 ഞാൻ പറഞ്ഞു, "ഞാൻ അത് ആ രീതിയിൽ ഉദ്ദേശിക്കുന്നില്ല, മഹിളെ. ഒരു നിമിഷം, ഞാൻ നിങ്ങളോട് സംസാരിക്കാൻ ആഗ്രഹിക്കുന്നു."

അവൾ പറഞ്ഞു, "ഇരുന്നാലും."

71 ഞാൻ പറഞ്ഞു, "മഹിളെ, ചില നിമിഷങ്ങൾക്ക് മുമ്പ്, ആ വാതിലിനു പിന്നിൽ നിൽക്കുകയായിരുന്നു..." ഞാൻ അവളോട് പറയാൻ തുടങ്ങി. ഞാൻ നോക്കാൻ തുടങ്ങിയപ്പോൾ, അവളുടെ കവിളുകളിലൂടെ കണ്ണുനീർ ഒഴുകാൻ തുടങ്ങി. അവൾ എന്നോട് പറഞ്ഞു...ഞാൻ പറഞ്ഞു, "മഹിളെ, നിങ്ങൾ ഈ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. യേശു മരിച്ചിട്ട്, അവന്റെ രക്തത്താൽ ദൈവത്തിന്റെ ന്യായവിധികളെ തടഞ്ഞിരിക്കുന്നു. നിങ്ങൾ ഇത് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല."

72 അവൾ പറഞ്ഞു, "ഇല്ല, സർ." അവൾ പറഞ്ഞു, "എന്റെ പിതാവ് പള്ളിയിലെ ഒരു ഡീക്കനായിരുന്നു. ഞാൻ ഒരു ക്രിസ്ത്യൻ ഭവനത്തിലാണ് വളർത്തപ്പെട്ടത്. ഞാനും എന്റെ ഭർത്താവും

പ്രമാണ പത്രമുള്ള അംഗങ്ങളായിരുന്ന്, ക്രിസ്തീയ ജീവിതം നയിച്ചിരുന്നു." അവൾ എന്നോട് പറയാൻ തുടങ്ങി, അവന്റെ മരണശേഷം...അവൾക്ക് രണ്ട് പെൺകുട്ടികൾ ഉണ്ടായിരുന്നു, അവൾ വഴിതെറ്റിപ്പോയി. പെൺകുട്ടികൾ എങ്ങനെയോ അവളെ ഉപേക്ഷിച്ചു, അപ്പോൾ അവൾ അവളുടെ ജീവിതം വലിച്ചെറിഞ്ഞു. ഇനിയും അവൾക്ക് ഒരു പ്രതീക്ഷയും ഇല്ലെന്ന് അവൾ കരുതി.

73 ഞാൻ പറഞ്ഞു, "ദൈവമേ, കരുണ കാട്ടേണമേ! 'അവൻ മുന്നറിഞ്ഞവരെ, അവൻ വിളിച്ചിരിക്കുന്നു."

അവൾ പറഞ്ഞു, "അവിടെ നിന്നു വന്ന, റവറണ്ട് ബ്രൺഹാം ആകുന്നോ നിങ്ങൾ?"

ഞാൻ പറഞ്ഞു, "ഞാൻ തന്നെ."

74 അവൾ പറഞ്ഞു, "ഇവിടെ ഇങ്ങനെ ഇരിക്കുന്നതിൽ, എനിക്ക് എന്നെ ലജ്ജ തോന്നുന്നു." അവൾ പറഞ്ഞു, "എനിക്ക് ഒരു അവസരം ഉണ്ടെന്നു നിങ്ങൾ കരുതുന്നുണ്ടോ?"

75 ഞാൻ പറഞ്ഞു, "മഹിളെ, നിങ്ങൾ വരുന്നതും കാത്ത്, യേശു തന്റെ കൈകൾ നീട്ടിയിരിക്കുന്നു." മറ്റ് ആളുകൾ താൽപ്പര്യത്തോടെ ഏറ്റെടുക്കാൻ തുടങ്ങുന്നു. അപ്പോൾ ഞാൻ പറഞ്ഞു, "നിങ്ങൾ ഇവിടെ എന്നോടൊപ്പം ഈ നിലത്തു കൂടി നടക്കുമോ?"

അവൾ പറഞ്ഞു, "ഞാൻ നടക്കാം, സർ."

76 ഞാൻ അവളുടെ കയ്യിൽ പിടിച്ചു. ഞാൻ പറഞ്ഞു, "നിങ്ങൾക്ക് എന്റെ അമ്മയുടെ പ്രായമുണ്ട്. തറയിൽ, നിങ്ങൾ എന്നോടൊപ്പം ഇവിടെ മുട്ടുകുത്തുമോ?" അവിടെ ആ തറയിൽ, ഉച്ച കഴിഞ്ഞപ്പോൾ ഞങ്ങൾ ആ സ്ഥലത്ത്, ഒരു പണ്ടത്തെ-രീതിയിലെ യോഗം നടത്തി. അവന്റെ കൃപയാൽ, ദൈവം ആ സ്ത്രീയെ രക്ഷിച്ചു. അവൾ തന്നെത്താൻ വസ്ത്രം ധരിച്ച് യോഗത്തിൽ വരികയും, പിന്നെ, എനിക്ക് അറിയാവുന്നിടത്തോളം, ഈ രാത്രി ഒരു ക്രിസ്തീയ ജീവിതം നയിക്കുകയും ചെയ്യുന്നു.

77 എന്താണിത്? ഓ, ദൈവം സൽഗുണപൂർത്തി ആവശ്യപ്പെടുന്നു! അവൻ നിങ്ങളുടെ മാനസാന്തരം ആവശ്യപ്പെടുന്നു. അവനോടുള്ള നിങ്ങളുടെ വിശ്വസ്തത അവൻ ആവശ്യപ്പെടുന്നു. അവൻ ഇന്ന് രാത്രിയിൽ നോക്കുന്നു. നിങ്ങൾ എത്രമാത്രം പാപം ചെയ്താലും കാര്യമില്ല, എത്ര ചെറുതായാലും അതല്ല എത്രമാത്രം ആയാലും, നിങ്ങൾ ഇപ്പോഴും ഒരു പാപിയാണ്, ദൈവത്തിന്റെ സർവ്വത്തിനും-മതിയായ യാഗമായ, യേശു ക്രിസ്തുവിലൂടെ അല്ലാതെ മറ്റൊരു മാർഗ്ഗം സ്വീകരിക്കാൻ കഴിയില്ല. അവനിൽ നിങ്ങളെ എന്നേക്കും

സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു. അതിനെപ്പറ്റി ചിന്തിക്കൂ! അത് നിങ്ങൾ ഒന്നും ചെയ്യുന്ന ഒന്നല്ല. അത് നിങ്ങൾ തിരിക്കുന്ന പുതിയ താളുകളല്ല. ഇത് നിങ്ങൾ ആരംഭിക്കുന്ന ഒരു പുതിയ ജീവിതമല്ല. ഇത് നിങ്ങളുടെ തെറ്റിന്റെ ഏറ്റുപറച്ചിലാണ്, നിങ്ങളോടുള്ള ദൈവത്തിന്റെ കൃപ. അത് നിങ്ങളെ സൽഗുണപൂർത്തിയിലേക്ക് കൊണ്ടുവരുന്നു, തുടർന്ന് നിങ്ങൾ യേശു ക്രിസ്തുവിൽ സൽഗുണപൂർത്തി കൈവരിക്കുന്നു.

78 ഈ രാത്രി, എന്റെ സുഹൃത്തേ, ഈ നിർണ്ണായക നിമിഷത്തിൽ നമ്മൾ ഇവിടെ ആയിരിക്കുമ്പോൾ, ഞാൻ വിശ്വസിക്കുന്നത്, ഈ കഥ കേട്ട ശേഷം തീരുമാനങ്ങൾ എടുത്തിരിക്കണം എന്നാണ്. നിങ്ങൾ ഇതിനു മുമ്പ് ഇത് ഒരിക്കലും കേട്ടിട്ടില്ലായിരിക്കാം. എന്നാൽ നിങ്ങൾ ഉള്ളിലേക്ക് വന്ന അതേ വ്യക്തിയായി നിങ്ങൾക്ക് ആ വാതിലുകളിൽ ഒന്നിലൂടെ പുറത്തേക്ക് പോകാൻ കഴിയില്ല, നിങ്ങൾ മികച്ചതോ മോശമായതോ ആയി പുറത്തു പോകുന്നു.

79 നാം നമ്മുടെ തലകളെ ഒരു നിമിഷം കുമ്പിട്ടു നിൽക്കുമ്പോൾ, നിങ്ങൾ അതിനെക്കുറിച്ച് ശക്തമായി ചിന്തിക്കണമെന്ന് എന്നു ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് രാത്രി നിങ്ങളുടെ പ്രാണനെപ്പറ്റി എന്താണ്? യേശു ക്രിസ്തു നിങ്ങൾക്കുവേണ്ടി മരിച്ചിരിക്കുന്നു.

80 നിങ്ങൾ പറയും, “ബ്രദർ ബ്രൺഹാം, എനിക്ക് പുകവലി ഉപേക്ഷിക്കാൻ കഴിയുമ്പോൾ, എനിക്ക് മദ്യപാനം നിർത്താൻ കഴിയുമ്പോൾ, എനിക്ക് ഈ കാര്യം നേരെയാക്കാൻ കഴിയുമ്പോൾ, ഞാൻ അത് ചെയ്യും.” ഓ, അത് ഒരിക്കലും ശരിയായി ചെയ്യുന്നില്ല. നിങ്ങൾക്ക് ഒരിക്കലും അത് ചെയ്യാൻ കഴിയില്ല. എന്തുകൊണ്ട് നിങ്ങൾ വരേണ്ട വിധത്തിൽ ഇപ്പോൾ തന്നെ വരുന്നില്ല? മാത്രമല്ല, വിശ്വാസത്താൽ, ആ അരുവിയിലേക്ക് പോയി, അവിടുത്തെ ഒഴുകുന്ന മുറിവുകൾ ഒഴുക്കുന്നത്, പിന്നെ നിങ്ങൾ മരിക്കുവോളം, സ്നേഹം വീണ്ടെടുക്കുക എന്നതായിരിക്കും നിങ്ങളുടെ പ്രബല വിഷയം.

81 ഒരു പകരക്കാരനെ എന്തിന് എടുക്കണം? നിങ്ങളുടെ പള്ളിയിലേക്ക് കടക്കാൻ ശ്രമിക്കുന്നത് എന്തിനാണ്? നിങ്ങൾ മദ്യപാനം ഉപേക്ഷിച്ചെന്നോ കള്ളം പറയുന്നതു നിർത്തി എന്നോ എന്നതിനാൽ വരാൻ ശ്രമിക്കുന്നത് എന്തിനാണ്? സൽഗുണപൂർത്തിയുടെ വഴിയിലൂടെ വരു! “കാരണം, ഏക യാഗത്താൽ, അവൻ വിശുദ്ധീകരിച്ചവരെ സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു.”

“എനിക്ക് എങ്ങനെ വിശുദ്ധീകരിക്കപ്പെടാം?”

82 യേശുവിന്റെ രക്തത്തിന്റെ സാന്നിധ്യത്തിൽ നിങ്ങളുടെ പാപങ്ങൾ ഏറ്റു പറയൂ; ആ രക്തത്തിൽ നിന്ന് വരുന്ന ജീവൻ, ആരാധകനിലേക്ക് തിരികെ വരുന്നു, ലോകത്തിന്റെ ആഗ്രഹങ്ങളിൽ നിന്ന് അവനെ വിശുദ്ധീകരിക്കുന്നു. എന്തെന്നാൽ, സകലത്തിനും-മതിയായ ആ യാഗത്താൽ, അവൻ നമ്മെ വിശുദ്ധീകരിച്ചിരിക്കുന്നു; ഒരേ ആത്മാവിൽ, നാമെല്ലാവരും ഒരേ ശരീരത്തിലേക്ക് സ്നാനം ഏറ്റിരിക്കുന്നു. "ഇപ്പോൾ ക്രിസ്തു യേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല, ജഡത്തെ അനുസരിച്ചല്ല, ആത്മാവിനെ അനുസരിച്ചു നടക്കുന്നവർക്ക് തന്നെ." നിങ്ങൾ ആത്മാവിനെ അനുസരിച്ച് നടക്കാൻ ശ്രമിക്കുകയും, ഇപ്പോഴും ജഡത്തെ ആഗ്രഹിക്കുകയും ചെയ്യുന്നെങ്കിലോ, ആ യാഗത്തെ നിങ്ങൾക്ക് വേണ്ടത്ര വിധത്തിൽ പ്രയോഗിച്ചിട്ടില്ല. എന്നാൽ ആരാധകനു ഒരിക്കൽ ശുദ്ധി വന്നതിന്റെ ശേഷം, പിന്നെ പാപത്തെക്കുറിച്ച് ആഗ്രഹിക്കുന്നില്ല.

83 അതായിരുന്നു കാൽവരി. ഇത് പൂക്കൾ വിൽക്കാനുള്ള സ്ഥലമോ, അതല്ല *ഇതിനോ* അതോ *അതിനോ* ഉള്ള ഒരു ചെറിയ സ്ഥലമല്ല. ദൈവവും മനുഷ്യനും തമ്മിൽ അനുരഞ്ജനം ചെയ്ത സ്ഥലമായിരുന്നു അത്. മനുഷ്യരാശിക്ക് സമാധാനവും തികഞ്ഞ സുരക്ഷിതത്വവും കൊണ്ടുവന്ന സ്ഥലമായിരുന്നു അത്. ഈ രാത്രിയിൽ, എന്റെ പാപിയായ സുഹൃത്തേ, കാൽവരിയിലേക്ക്, നിങ്ങൾ എന്നോടൊപ്പം പോയി, വിശ്വാസത്താൽ ഈ രക്തം നിങ്ങളുടെ സ്വന്തം പ്രാണനിൽ പുരട്ടി, പരിശുദ്ധാത്മാവ് വന്ന് അവന്റെ മഹത്തായ യാഗത്താൽ നിങ്ങളെ വിശുദ്ധീകരിക്കില്ലേ?

84 ഞങ്ങൾ പ്രാർത്ഥിക്കുന്നതിനു മുമ്പ്, നിങ്ങൾ ദൈവത്തിലേക്ക് കൈ ഉയർത്തി പറയുമോ, "ദൈവമേ, എന്നോടു കരുണ കാണിച്ചാലും. ഈ ദുഃഖ വെള്ളിയാഴ്ച രാത്രിയിൽ, ഞാൻ എന്റെ എല്ലാ പാപങ്ങളും ഏറ്റുപറയുന്നു. ക്രിസ്തു എനിക്കായി ചെയ്ത മഹത്തായ കഷ്ടപ്പാടുകളെ ഞാൻ അഭിനന്ദിക്കുന്നു. ഇപ്പോൾ തൊട്ട്, നിന്നെ അനുഗമിക്കുന്നതിനായി ഞാൻ ഇന്നു മുതൽ, എന്റെ സ്വന്ത ഇഷ്ടവും എന്റെ ഉദ്ദേശ്യങ്ങളും, സകലതും സമർപ്പിക്കുന്നു." നിങ്ങൾ നിങ്ങളുടെ കൈ ഉയർത്തി, പറയുമോ, "ബ്രദർ ബ്രൺഹാം, പ്രാർത്ഥനയിൽ, എന്നെ ഓർക്കണം. അത് എന്റെ ഹൃദയത്തിലെ തീരുമാനമാണ്"? ഞങ്ങൾ ഒരു നിമിഷം കാത്തിരിക്കുമ്പോൾ, ഈ മഹത്തായ രാത്രി, ഇവിടെ ആരെങ്കിലും ഉണ്ടോ? ഇവിടെ എന്റെ വലതു-വശത്ത്, തീർച്ചയായും അവിടെ ഒരാൾ ഉണ്ട്. നിങ്ങൾ നിങ്ങളുടെ

പാപങ്ങളെക്കുറിച്ച് ലജ്ജ തോന്നുന്നോ? നിങ്ങൾ ചെയ്ത കാര്യങ്ങളിൽ നിങ്ങൾക്ക് ലജ്ജ തോന്നുന്നോ?

85 ലോകം ഇന്ന് രാത്രി ധീന്മാരെ തിരയുന്നു. ശാരീരികമായി പറഞ്ഞാൽ, അതിന് ധീന്മാരുണ്ട്.

86 ഒരു ദിവസം അങ്ങ് അകലെ സ്വിറ്റ്സർലൻഡിൽ, സ്വിസ് സ്വിറ്റ്സർലൻഡ് അപകടത്തിലായപ്പോൾ, ചെറിയ സ്വിസ് പാർട്ടി പ്രദേശങ്ങളിൽ ഒത്തുകൂടി, പ്രതിരോധിച്ചു—അവരുടെ സമ്പദ്വ്യവസ്ഥയെ സംരക്ഷിക്കണമായിരുന്നു. വന്നുകൊണ്ടിരുന്ന ഒരു മഹത്തായ സൈന്യം അവർക്ക് വളരെ വലുതായിരുന്നു; അവർ എല്ലാവരും പരിശീലനം നേടിയവരും, വലിയ കുന്തങ്ങളും പരിചകളും ഉള്ളവരുമായിരുന്നു. ഉപേക്ഷിക്കുകയല്ലാതെ സ്വിറ്റ്സർലൻഡുകാർക്ക് ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. അവർ ഒരു പർവ്വതത്തിൽ നിന്ന് പിന്തിരിഞ്ഞു പോയിരുന്നു. അപ്പോൾ ഒരു ധീരൻ പുറത്തേക്ക് ഇറങ്ങി വന്നു. ആരെങ്കിലും ഒരാൽ മരിക്കേണ്ടിയിരുന്നു. അവർ യുദ്ധത്തിൽ പരാജയപ്പെട്ടാൽ...

87 യുദ്ധം ചെയ്യാൻ, പഴയ അരിവാളും ബ്ലേഡുകളും പാറകളും വടികളും അല്ലാതെ, അവർക്ക് മറ്റൊന്നും ഉണ്ടായിരുന്നില്ല. അപ്പോൾ, വന്നുകൊണ്ടിരുന്ന സൈന്യം ഒരു ഇഷ്ടിക മതിൽ പോലെ കാണപ്പെട്ടിരുന്നു. അവരെ പിടിക്കപ്പെട്ടു കഴിഞ്ഞാൽ, അവരുടെ സുന്ദരികളായ ഭാര്യമാരെ ബലാൽസംഗം ചെയ്യും, അവരുടെ ചെറുപ്പക്കാരികളായ പെൺകുട്ടികളെ ബലാൽസംഗം ചെയ്യും, അവരുടെ കുഞ്ഞുങ്ങൾ കൊല്ലപ്പെടും, അവരുടെ തലകൾ തകർക്കപ്പെടും, അവരുടെ വീടുകൾ ഇല്ലാതായി, സകലതും നഷ്ടപ്പെടും.

88 അന്ന് അവിടെ ഒരു മനുഷ്യൻ ഉണ്ടായിരുന്നു, അവന്റെ പേര് വളരെ വേഗം മറന്നുപോയി, ആർനോൾഡ് വോൺ വിങ്കൽറിഡ് എന്ന പേരോട്ടു കൂടിയവൻ. അവൻ പുറത്തേക്ക് ഇറങ്ങിയിട്ട്, പറഞ്ഞു, "സ്വിറ്റ്സർലൻഡിലെ മനുഷ്യാ, ഇന്ന് ഞാൻ സ്വിറ്റ്സർലൻഡിന് വേണ്ടി എന്റെ ജീവനെ കൊടുക്കുന്നു." അവൻ പറഞ്ഞു, "പർവ്വതത്തിന് മുകളിൽ ഒരു ചെറിയ വെളുത്ത നിറത്തിലെ വീടുണ്ട്. എനിക്കായി ഭാര്യയും മൂന്ന് കുട്ടികളും അവിടെ കാത്തിരിക്കുന്നു. പക്ഷേ അവർ എന്നെ ഇനി ഒരിക്കലും കാണില്ല, കാരണം, ഇന്ന് ഞാൻ സ്വിറ്റ്സർലൻഡിന് വേണ്ടി എന്റെ ജീവനെ കൊടുക്കുന്നു."

അവർ പറഞ്ഞു, "ആർനോൾഡ് വോൺ വിങ്കെൽറീഡ്, നീ എന്തു ചെയ്യും?"

89 അവൻ പറഞ്ഞു, “നിങ്ങളുടെ കയ്യിലുള്ളതുമായി നിങ്ങൾക്ക് ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി ചെയ്തുകൊണ്ട്, എന്നെ പിന്തുടരൂ.”

90 കുന്തക്കാർ ഏറ്റവും അധികം നിൽക്കുന്നത് കണ്ടെത്തുവോളം അവൻ ആ സൈന്യത്തെ നോക്കി. പിന്നെ അവൻ തന്റെ കൈകൾ മുകളിലേക്ക് ഉയർത്തി, ആ വലിയ കുന്തങ്ങളുടെ ഇഷ്ടിക മതിലിലേക്ക് ഓടിക്കൊണ്ട്, അലറി വിളിച്ചു, “സ്വാതന്ത്ര്യത്തിന് വഴിയൊരുക്കൂ! സ്വാതന്ത്ര്യത്തിന് വഴിയൊരുക്കൂ!” അവന്റെ ആക്രമത്തെ ചെറുക്കാൻ അവനിലേക്ക് ഒരു നൂറു കുന്തങ്ങൾ തിരിഞ്ഞു; അവൻ തന്റെ കൈകൾ വശത്തേയ്ക്ക് നീട്ടി അവയെ തന്റെ മാറിലേക്ക് ചേർത്തു, അത് അവന്റെ തീരുമാനത്തെ അവരെ അറിയാൻ നിർബന്ധിച്ചിട്ട്, ആ കുന്തങ്ങളുടെ മുനമ്പാൽ അവൻ മരിച്ചു. ദണ്ഡുകളും വടികളുമായി ആ സ്വിറ്റ്സർലൻഡുകാർ അവനെ പിന്തുടർന്നിരുന്നു. സ്വിറ്റ്സർലൻഡുകാർ അവരെ നാട്ടിൽ നിന്ന് പുറത്താക്കുവോളം, ആ മഹാ വീര പ്രകടനം ആ സൈന്യത്തെ പരാജയപ്പെടുത്തി. അന്നു മുതൽ, അവർ ഒരിക്കലും യുദ്ധം ചെയ്തിട്ടില്ല.

91 സ്വിറ്റ്സർലൻഡിൽ നിന്നുകൊണ്ട്, ആർനോൾഡ് വോൺ വിങ്കൽറീഡിന്റെ പേര് പറയൂ, അവരുടെ കവിളിലൂടെ കണ്ണുനീർ ഒഴുകുന്നത് നിങ്ങൾ കാണും. എന്തുകൊണ്ടാണ്? അവൻ അവരുടെ രാജ്യത്തെ രക്ഷിച്ചു. അതൊരു മഹത്തായ വീരകൃത്യമായിരുന്നു. ഈ ഭൂമിയിൽ, അത് അപൂർവ്വമായി താരതമ്യം ചെയ്യപ്പെടുന്നു, ഒരിക്കലും അതിരു കവിഞ്ഞിട്ടില്ല.

92 പക്ഷേ, ഓ, അത് ഒരു നാൾ സംഭവിച്ച ഒരു ചെറിയ കാര്യമായിരുന്നു! ആദാമിന്റെ വംശം നിന്നപ്പോൾ, എല്ലാ വശത്തു നിന്നും ഭൂതങ്ങൾ കടന്നു വരികയായിരുന്നു, പ്രവാചകന്മാർ പരാജയപ്പെട്ടു, ന്യായപ്രമാണം പരാജയപ്പെട്ടു, കാളകളുടെയും ആട്ടുക്കൊറ്റന്മാരുടെയും ബലി പരാജയപ്പെട്ടു, മനുഷ്യന്റെ പ്രാകൃതം പരാജയപ്പെട്ടു, സകലതും. ആദാമിന്റെ ചെറിയ വംശം, തോൽവിയടഞ്ഞു നിന്നിരുന്നു; പിശാചുക്കൾ, അന്ധവിശ്വാസങ്ങൾ, രോഗം, വ്യാധികൾ എന്നിവ എണ്ണത്തിൽ കൂടുതലായിരുന്നു. ഒരുവൻ സ്വർഗ്ഗത്തിലേക്ക് ഇറങ്ങി വന്നിട്ട്, പറഞ്ഞു, “ഈ ദിവസം ഞാൻ ആദാമിന്റെ വംശത്തിനു വേണ്ടി മരിക്കും.” അവൻ ഭൂമിയിലേക്ക് വന്നു ജഡമായി തീർന്നിരുന്നു. അവൻ നേരെ കുന്തങ്ങൾ ഏറ്റവും അധികം ഉണ്ടായിരുന്നതിന്റെ നടുവിലേക്ക് ഏറ്റവും ഇരുണ്ട ഇടത്തേക്ക് നോക്കി. മനുഷ്യന്റെ എല്ലാ ഭയങ്ങളിലും വെച്ച് ഏറ്റവും ഇരുണ്ടത് മരണമായിരുന്നു, അവൻ മരണത്തെ തന്റെ മാറിലേക്ക് എടുത്തു.

കാൽവരിയിൽ അവൻ ആ യാഗത്തിന്റെ വില കൊടുത്തിട്ട്, അലറി വിളിച്ചു, "സ്വാതന്ത്ര്യത്തിനായി ഒരു വഴിയൊരുക്കു!"

93 അവൻ തന്റെ സഭയോട് നിലവിളിക്കുന്നു, "എന്റെ രക്തവും എന്റെ ആത്മാവും, ഞാൻ നിങ്ങൾക്കായി വിട്ടേച്ചു പോയത് എടുക്കു, നിങ്ങൾക്ക് കിട്ടിയിരിക്കുന്നതുമായി യുദ്ധം ചെയ്യൂ." സുഹൃത്തേ, അതിലൂടെ, ഇന്ന് രാത്രി നമുക്ക് കീഴടക്കാം. നിങ്ങളിൽ നിന്ന് പിശാചിനെ ഓടിക്കാൻ നിങ്ങൾക്ക് കഴിയും. നിങ്ങളുടെ ജീവിതത്തിലെ എല്ലാ പഴയ ശത്രുക്കളെയും, ക്രിസ്തുവിന്റെ രക്തത്താലും ആത്മാവിനാലും അതിനെ തുരത്താൻ കഴിയും, അവന്റെ സന്നിധിയിൽ നിങ്ങൾക്ക് സൽഗുണപൂർത്തിയോടെ നിൽക്കാൻ കഴിയും. ക്രിസ്തു ആ വഴി ഒരുക്കിയിരിക്കുന്നു!

94 നിങ്ങളുടെ കൈകൾ അവനിലേക്ക് ഉയർത്താൻ കഴിയുന്നത്രയും ഉയർത്തി, ചോദിക്കു, "എന്നോട് ക്ഷമിക്കുമോ"? ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരാ. മറ്റാരെങ്കിലും, "ദൈവമേ, എന്നോടു കരുണ കാട്ടണമെ, ഞാൻ ഇപ്പോൾ എന്റെ തെറ്റുകൾ ഏറ്റുപറയുന്നു"?

95 എല്ലാ ദിവസവും പള്ളിയിൽ പോകുന്ന ഒരു ചില ശീതോഷ്ണവാനായ സഭാംഗം അവിടെ ഉണ്ടോ, ഒരുപക്ഷേ കഴിയുന്നത്ര ഭക്തിയുള്ളവരായിരിക്കാൻ ശ്രമിച്ചേക്കാം, എന്നിട്ടും കോപവും, നിസ്സംഗതയും, സ്വാർത്ഥതയും, ശീലങ്ങളും നിങ്ങൾക്ക് വിജയം ലഭിക്കാത്തിടത്തോളം നിങ്ങളെ പിടികൂടുമെന്ന് നിങ്ങൾക്കറിയാമോ? ഈ രാത്രിയിൽ, അതിൽ നിന്നെല്ലാം, രക്തത്താൽ ശുദ്ധീകരിക്കപ്പെടാൻ നിങ്ങൾ ആഗ്രഹിക്കുന്നോ? "എന്തെന്നാൽ ആരാധനക്കാർക്കു ഒരിക്കൽ ശുദ്ധിവന്ന ശേഷം..." സഭാംഗമായ നിങ്ങൾ, നിങ്ങൾ നിങ്ങളുടെ കൈ ഉയർത്താൻ ആഗ്രഹിക്കുന്നോ? ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, മഹിളെ. നിങ്ങളുടെ കൈകൾ ഉയർത്തി പറയൂ, "ബ്രദർ ബ്രൺഹാം, പ്രാർത്ഥനയിൽ എന്നെ ഓർക്കണം." ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, മഹിളെ. അത് ശരിയാണ്. അതൊരു യാഥാർത്ഥ... അത് ശരിക്കും ചെയ്യേണ്ട ഒരു കാര്യമാണ്. അവിടെ പിന്നിൽ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സർ.

96 മറ്റൊരെങ്കിലും നിങ്ങളുടെ കൈ ഉയർത്തി, പറയുമോ, "ദൈവമേ എന്നോടു കരുണയായിരിക്കേണമേ. ഞാൻ ക്രിസ്ത്യാനിയാണ് എന്നു ഏറ്റുപറയുന്നവർ ഉണ്ടെന്ന് എനിക്കറിയാം, പക്ഷേ ഞാൻ അതിൽ ജീവിക്കുന്നില്ല. എനിക്ക് ഇല്ലെന്നു എനിക്കറിയാം. എന്റെ ഹൃദയത്തിൽ, ഞാൻ നിന്നോട് വാസ്തവമായും ശരിയല്ല. ദൈവം തിരഞ്ഞെടുത്തവരിൽ ഒരാളാകാൻ ഞാൻ ആഗ്രഹിക്കുന്നു. അത്

ഞാനാണെന്ന് എന്റെ ഹൃദയത്തിൽ തോന്നുന്നു, എന്നെ മറുകെ പറ്റുന്ന ഭാരങ്ങൾ ഞാൻ ഒരിക്കലും വശത്തേക്ക് മാറ്റിവച്ചിട്ടില്ല. ഇന്ന് രാത്രി അവയെ വശത്തേക്ക് ഇടാൻ ഞാൻ ആഗ്രഹിക്കുന്നു. കൂടാതെ, ദൈവ കൃപയാൽ, ഞാൻ അത് ചെയ്യും. എനിക്ക് വേണ്ടി പ്രാർത്ഥിക്കണം." നിങ്ങൾ നിങ്ങളുടെ കൈ ഉയർത്തുമോ? ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, മഹിളെ. മറ്റാരെങ്കിലും കൂടെ. ഒരല്പം, ഞങ്ങൾ കാത്തിരിക്കുന്നു.

97 ഞങ്ങൾ നിശബ്ദമായി കാത്തിരിക്കുമ്പോൾ, ഇപ്പോൾ ഇത് മൃദുവായി മൂളിപ്പാടിക്കൊണ്ട്, ഓരോരുത്തരും ഇപ്പോൾ നിങ്ങളുടെ തല കുമ്പിട്ട് പ്രാർത്ഥിക്കു.

> അവിടെ രക്തം നിറഞ്ഞ ഒരു ഉറവയുണ്ട്,
> ഇമ്മാനുവേലിന്റെ ഞരമ്പുകളിൽ നിന്നും വലിച്ചെടുത്തത്,
> പാപികൾ അതിന് അടിയിൽ മുങ്ങി...
> അവരുടെ എല്ലാ കുറ്റകരമായ കറയും നഷ്ടപ്പെടുത്തുന്നു, നഷ്ടപ്പെടുത്തി...

98 നിങ്ങൾ ഇത് ഇപ്പോൾ വീണ്ടും ചിന്തിക്കില്ലേ? അതിനെ കഴുകിക്കളയാൻ ശ്രമിക്കരുത്. ക്രിസ്തു നിങ്ങളുടെ കയ്യിലാണ്.

99 ഇന്ന് രാവിലെ, ഏകദേശം ആറ് മണി നേരത്ത്, പീലാത്തൊസ് അത് പരീക്ഷിച്ചു; എന്നാൽ അവന്റെ കൈകൾ ഇപ്പോഴും രക്തപങ്കിലമാണ്, കുറ്റക്കാരനായി രക്തപങ്കിലമാണ്. അവന് എന്തു സംഭവിച്ചെന്ന് നിങ്ങൾക്കറിയാം. വളരെ വർഷങ്ങൾക്കു ശേഷം, തന്റെ മാനസിക അവസ്ഥ നഷ്ടപ്പെട്ടിട്ട്, അവൻ സ്വിറ്റ്സർലൻഡിലേക്ക് പോയി, ഒരു കുളത്തിൽ സ്വയം മുങ്ങിച്ചത്തു. ഇന്ന് രാവിലെ നേരം, സ്വിറ്റ്സർലൻഡിൽ, നൂറുകണക്കിന് ആളുകളാണ് ഈ രംഗം കാണാൻ എത്തുന്നത്, ആ വലിയ ജലാശയത്തിന്റെ അടിയിൽ നിന്ന് നീല ജലം തിളച്ചു മറിയുന്നു. അത് ഓരോ വർഷവും സംഭവിക്കുന്നു. ഇത് ഒരു പഴയ ഐതിഹ്യമായി, അവന്റെ കൈകൾ വൃത്തിയാക്കാൻ ദൈവം വെള്ളം നിരസിച്ചതാണെന്നു അവർ പറയുന്നു.

100 സഹോദരാ, നിങ്ങൾ എത്ര പ്രാവശ്യം സ്നാനമേറ്റിരുന്നാലും കാര്യമില്ല, നിങ്ങൾ എന്തു ചെയ്യാൻ ശ്രമിച്ചാലും, ക്രിസ്തുവിന്റെ രക്തമല്ലാതെ മറ്റൊന്നും നിങ്ങളുടെ കൈകളെ ശുദ്ധീകരിക്കില്ല. ദൈവം അത് നിരസിച്ചു കളഞ്ഞിരിക്കുന്നു. ആ നീല ജലം, ഏതാണ്ട്, രണ്ടായിരം വർഷങ്ങൾക്ക് ശേഷവും, ഇപ്പോഴും തിളച്ചു മറിയുന്നു. ദൈവം അത് നിരസിക്കുന്നു. നിങ്ങളുടെ സ്വന്ത-നീതിക്ക് നിങ്ങളുടെ

പാപങ്ങളെ ശുദ്ധീകരിക്കാൻ കഴിയില്ല. യേശുവിന്റെ രക്തത്തിനു അല്ലാതെ മറ്റൊന്നിനും കഴിയില്ല! അതിനെപ്പറ്റി ഇപ്പോൾ ചിന്തിക്കു. ഒരു നിമിഷത്തിൽ, ഞങ്ങൾ പ്രാർത്ഥിക്കാൻ പോകുന്നു.

101 ഇന്ന് രാത്രി എനിക്ക് എന്തെങ്കിലും ചോദിക്കാമോ എന്ന് ഞാൻ ആശ്ചര്യപ്പെടുന്നു. ഈ രാവിലെ നേരം, അവൻ പീലാത്തൊസിന്റെ ന്യായവിധി ഹാളിൽ നിന്നപ്പോൾ, പറഞ്ഞു, "എന്റെ രാജ്യം ഐഹികം ആയിരുന്നെങ്കിൽ, എനിക്ക് എന്റെ പിതാവിനോട് സംസാരിക്കാൻ കഴിഞ്ഞിട്ട് അവൻ എനിക്കായി പന്ത്രണ്ടു ലെഗ്യോൻ ദൂതന്മാരെ അയയ്ക്കുമായിരുന്നു." പിന്നെ, അവരിൽ ഒരാൾക്ക് ലോകത്തെ നശിപ്പിക്കാൻ കഴിയുമായിരുന്നു. "ഞാൻ അവനോട് സംസാരിക്കുകയും, എന്റെ അധീനതയിൽ പന്ത്രണ്ട് ലെഗ്യോനിലും അധികം ദൂതന്മാർ ഉണ്ടാകുമായിരുന്നു." അവനത് ചെയ്യാമായിരുന്നു. എന്നാൽ സൌമ്യതയും താഴ്മയും ഉള്ളവനായി, നിങ്ങളുടെ മരണത്തെ ഏറ്റെടുക്കാനും നിങ്ങളുടെ പാപങ്ങളെ എടുക്കാനുമായി, അവൻ അവിടെ നിന്നു.

102 ആ ത്യാഗത്തിന് ഈ രാത്രിയിൽ നിങ്ങൾ മതിയായ നന്ദിയുള്ളവർ ആയിരിക്കുമോ, അതിന്റെ ആവശ്യക്കാരായ നിങ്ങൾ, ദൈവത്തിന്റെ അനുഗ്രഹം ആവശ്യമുള്ള നിങ്ങൾ, ഈ പ്രാർത്ഥനയ്ക്കായി നിങ്ങളുടെ കാലിൽ എഴുന്നേറ്റു നിൽക്കുമോ? ഈ പ്രാർത്ഥനയിൽ ഓർക്കപ്പെടാൻ ആഗ്രഹിക്കുന്നവരേ, നിങ്ങൾ എഴുന്നേറ്റു നിൽക്കു, "ദൈവമേ, എന്നോടു കരുണ കാട്ടണമെ. ഞാൻ കുറ്റക്കാരനാണ്, ഞാൻ തെറ്റായ കാര്യങ്ങൾ ചെയ്തിരിക്കുന്നു, ക്രിസ്തു യേശുവിലൂടെ എന്റെ പാപമോചനം സ്വീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു." ഈ സമയത്തു നിങ്ങൾ എഴുന്നേറ്റു നിൽക്കുമോ? ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, യുവതി. അതാണ് ധൈര്യം. അവിടെ തന്നെ തുടർന്നും നിന്നുകൊണ്ടിരിക്കു.

103 നിങ്ങൾ നിങ്ങളുടെ കൈ ഉയർത്തി, എന്നിട്ട് നിങ്ങളുടെ കാലിൽ നിൽക്കാൻ ആത്മാർത്ഥതയില്ല എന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്? സുവിശേഷം നിങ്ങൾക്ക് എന്ത് ഗുണമാണ് ചെയ്തത്? ഓ, സഭയുമായി കളിക്കുന്നു, ദൈവവുമായി കളിക്കുന്നു! സമയം വളരെ അടുത്തിരിക്കുന്നു, ഈ ദിവസങ്ങളിലൊന്നിൽ ഇവിടെ എവിടെയെങ്കിലും ഒരു അണുബോംബ് പതിക്കും, ഈ വലിയ പൌഡർ പ്ലാന്റുകളിൽ ഒന്നിൽ. അതിനെക്കുറിച്ച് ചിന്തിക്കാൻ ഒരു നിമിഷം പോലും ഉണ്ടാകില്ല. അപ്പോഴേക്കും വളരെ വൈകിപ്പോകും, ഒരുപക്ഷേ അടുത്ത ഈസ്റ്ററിനും, അല്ലെങ്കിൽ ഈ ഈസ്റ്ററിന് മുമ്പാകാം. നിങ്ങൾ ഇപ്പോൾ നിൽക്കാതെ തന്നെ, പറയൂ, "ദൈവമേ,

ഒരു പാപിയായ, എന്നോടു കരുണയുണ്ടാകേണമേ. എന്റെ പാപങ്ങളുടെ പ്രായശ്ചിത്തമായി, ഞാൻ ഇപ്പോൾ ക്രിസ്തുവിനെ സ്വീകരിക്കുന്നു. അവന്റെ കൃപയാൽ, അവന്റെ കൃപയാൽ മാത്രം, ഞാൻ ദൈവത്തിന്റെ സാന്നിധ്യത്തിൽ വസിക്കുന്നു." നിങ്ങൾ നിങ്ങളുടെ തെറ്റ് ഏറ്റുപറയുമോ? തന്റെ പാപങ്ങൾ മറച്ചു വെക്കുന്നവനു ശുഭം വരികയില്ല. തന്റെ പാപം ഏറ്റുപറയുന്നവനു, കരുണ ലഭിക്കും. ഇത് നിങ്ങളിൽ ആശ്രയിച്ചിരിക്കുന്നു. അവൻ നോക്കുന്നു.

104 ഇപ്പോൾ, ഞങ്ങളുടെ വാഴ്ത്തപ്പെട്ട കർത്താവേ, ഈ രാത്രി ഉചിതമായ സംഖ്യയിൽ മൂന്ന് പാപബോധമുള്ള ആത്മാക്കൾ എഴുന്നേറ്റു നിൽക്കുന്നു, ഒരു പുരുഷനും രണ്ട് സ്ത്രീകളും.

105 ഞാൻ ചിന്തിക്കുന്നത് പോലെ, കർത്താവേ, കാൽവരിയിൽ, ഒരു വശത്തുള്ളവൻ, പറയുന്നു, "കർത്താവേ, അങ്ങ് അങ്ങയുടെ രാജ്യത്തിൽ വരുമ്പോൾ എന്നെയും ഓർക്കേണമേ"; മറ്റേയാൾ പറയുന്നു, "അങ്ങ് ആണെങ്കിൽ, ഞങ്ങൾ ഒരു അത്ഭുതം കാണട്ടെ, നിന്നെത്തന്നേ രക്ഷിച്ചിട്ട് ഞങ്ങളെ ക്രൂശിൽ നിന്നു ഇറക്കു." അപ്പോൾ മറ്റവൻ പറഞ്ഞു, "ദൈവമേ, എന്നോടു മനസ്സലിയേണമേ." നിന്റെ തല വലതു വശത്തേക്ക് ചാച്ചു കൊണ്ട്, പറഞ്ഞു, "ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും." പക്ഷേ നീ മറ്റവനോട് ഒന്നും പറഞ്ഞില്ല, കാരണം അവിടെ മാനസാന്തരമില്ലായിരുന്നു.

106 മാത്രമല്ല, പിതാവായ ദൈവമേ, ഞാൻ പ്രാർത്ഥിക്കുന്നത് ഒരുപക്ഷേ ഇവ...കെട്ടിടത്തിൽ അവർ മൂന്ന് പേർ മാത്രമേ ഉള്ളു എന്ന് ഞാൻ കരുതുന്നു, അവർ അവരുടെ തെറ്റുകൾ ഏറ്റുപറയേണ്ടതുണ്ടെന്ന് അവർക്ക് തോന്നുന്നു. ക്രൂശിന്റെ വഴിയുടെ, എല്ലാത്തിനും-മതിയായ വഴിയിലൂടെ എന്നാൽ അവർ വന്നിരിക്കുന്നു. കർത്താവേ, അവരോട് ക്ഷമിച്ച്, അവരെ അനുഗ്രഹിച്ചാലും. പീലാത്തൊസിന്റെ ന്യായവിധി ഹാളിൽ, നീ അവർക്കുവേണ്ടി നിന്നതുപോലെ; ഈ രാത്രിയിൽ അവർ ഇവിടെ നിൽക്കുന്നു; സൂര്യൻ അസ്തമിക്കുകയും ചന്ദ്രൻ അതിന്റെ പ്രകാശം കൊടുക്കാതിരിക്കുകയും ചെയ്തപ്പോൾ, ആകാശത്തിനും ഭൂമിക്കും ഇടയിൽ, നീ അവർക്കുവേണ്ടി നിന്നതുപോലെ, ആലയത്തിലെ തിരശ്ശീല മുകളിൽ നിന്ന് താഴെ വരെ കീറിപ്പോയി. ദൈവമേ, നീ അവരെ അനുഗ്രഹിച്ച് അങ്ങയുടെ കരുണകൾ അവർക്ക് നൽകി, അങ്ങയുടെ രക്തത്താൽ അവരെ ശുദ്ധീകരിക്കണമെന്ന്, ഞാൻ പ്രാർത്ഥിക്കുന്നു. നിന്റെ വിശുദ്ധീകരണ ശക്തിയാൽ അവരെ, നിന്റെ സ്വന്തം പുത്രനായ, ക്രിസ്തു യേശുവിന്റെ ശരീരത്തിലേക്ക് സ്നാനപ്പെടുത്തിയും, പിന്നെ അവരെ കാലത്തിനും നിത്യതയ്ക്കും വേണ്ടി കാത്തു സൂക്ഷിച്ചാലും. മറ്റുള്ളവർ ശരിയായിരിക്കുന്നു

എന്നും, അവർ ഇതിനകം ഇത് സന്ധിച്ചു എന്നും തോന്നുന്നവരെ അനുഗ്രഹിച്ചാലും. ക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ അവർക്കായി ഈ അനുഗ്രഹത്തിനു വേണ്ടി പ്രാർത്ഥിക്കുന്നു. ആമേൻ.

107 ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. എഴുന്നേറ്റു നിൽക്കുന്നവരുടെ അടുത്ത് ആയിരിക്കുന്നവർ, അവരുടെ അടുത്തേക്ക് ചെന്ന് അവരുടെ കൈകൾ പിടിച്ചു കുലുക്കിയിട്ട്, ആരായാലും, പറയൂ, “കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ,” കൂട്ടായ്മയുടെ കരം എന്ന നിലയിൽ, അത് ശരിയാണ്.

108 ഞങ്ങൾ ഇപ്പോൾ ഞങ്ങളുടെ ശുശ്രൂഷകളിൽ അല്പം വൈകിപ്പോയി. കർത്താവായ യേശുവിനെ എത്രപേർ സ്നേഹിക്കുന്നു, നിങ്ങളുടെ കൈ ഉയർത്തുമോ? സർവ്വവ്യാപിയായ അവന്റെ സ്മരണയിൽ, ഇപ്പോൾ നിശബ്ദമായി, അഥവാ നമുക്ക് കഴിയുന്നത്ര നിശബ്ദമായി, ഞാൻ ആശ്ചര്യപ്പെടുന്നു, ഈ രാത്രി ഇവിടെയുള്ളവർ, നമുക്ക് മൃദുവായി പാടാൻ കഴിയുമെങ്കിൽ.

> അത് എന്റെ രക്ഷകൻ മരിച്ച ക്രൂശിങ്കൽ ആയിരുന്നു,
> അവിടെ ഞാൻ എൻ പാപത്തെ നീക്കാൻ നിലവിളിച്ചു;
> അവിടെ എന്റെ ഹൃദയത്തിലേക്ക് (നിങ്ങളുടെ ആവശ്യം നിറവേറ്റപ്പെട്ടപ്പോൾ, അതിന്മേൽ നിങ്ങളുടെ കൈകൾ വെച്ചപ്പോൾ), അവിടെ വെച്ച് എന്റെ ഹൃദയത്തിൽ രക്തം അപേക്ഷിച്ചു;
> ഓ, അവന്റെ നാമത്തിന് മഹത്വം!

നമ്മുടെ ശിരസ്സു അവനിലേക്ക് കുമ്പിട്ടു കൊണ്ട്, നമുക്ക് ഇപ്പോൾ മൃദുവായി പാടാം.

> എന്റെ രക്ഷകൻ മരിച്ച ക്രൂശിങ്കൽ,
> അവിടെ ഞാൻ എൻ പാപത്തെ നീക്കാൻ നിലവിളിച്ചു;
> അവിടെ വെച്ചു എൻ ഹൃദയത്തിൽ രക്തം തളിക്കപ്പെട്ടു;
> അവന്റെ നാമം വാഴ്ത്തപ്പെടട്ടെ!

> അവന്റെ നാമത്തിനു മഹത്വം, വിലയേറിയ നാമം!
> അവന്റെ വിലയേറിയ നാമത്തിന് മഹത്വം!
> അവിടെ വെച്ച് എൻ ഹൃദയത്തിൽ രക്തം തളിക്കപ്പെട്ടു;
> അവന്റെ നാമം വാഴ്ത്തപ്പെടട്ടെ!

109 ഇപ്പോൾ നിശ്ശബ്ദമായി, നിങ്ങളുടെ തലകളെ കുമ്പിട്ടുകൊണ്ട്. രക്ഷിക്കപ്പെട്ടവരേ, പറയൂ, “ഓ...” ഇപ്പോൾ നിങ്ങളുടെ കൈ ഉയർത്തു.

ഓ, പാപത്തിൽ നിന്ന് രക്ഷിക്കുന്ന വിലയേറിയ ഉറവ!
ഞാൻ പ്രവേശിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്;
അവിടെ യേശു എന്നെ രക്ഷിക്കുകയും എന്നെ ശുദ്ധനാക്കുകയും ചെയ്യുന്നു;
അവന്റെ നാമം വാഴ്ത്തപ്പെടട്ടെ!

അവന്റെ വിലയേറിയ നാമത്തിന് മഹത്വം!
അവന്റെ വിലയേറിയ നാമത്തിന് മഹത്വം!
അവിടെ വെച്ച് എൻ ഹൃദയത്തിൽ രക്തം തളിക്കപ്പെട്ടു;
അവന്റെ നാമം വാഴ്ത്തപ്പെടട്ടെ!

110 ഇപ്പോൾ കൈകൾ താഴ്ത്തി, നിങ്ങളുടെ തല കുമ്പിട്ടുകൊണ്ട്. ഞാൻ ഇപ്പോൾ ചിന്തിച്ചു; കുറച്ച് നിമിഷങ്ങൾക്ക് മുമ്പ് ആരോ എന്നെ വിളിച്ചിട്ട്, അവരുടെ ശരീരത്തിന് വേണ്ടി, ഇന്ന് രാത്രി പ്രാർത്ഥനയിൽ ഒരുവൻ ഓർക്കപ്പെടാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞു. വലിയ രോഗശാന്തി ശുശ്രൂഷക്കായി, അവർക്ക് ഞായറാഴ്ച രാത്രി യോഗത്തിലേക്ക് മടങ്ങി വരാൻ കഴിഞ്ഞിരുന്നില്ല. ആ പ്രാർത്ഥനയിൽ ഇപ്പോൾ ഓർക്കപ്പെടാൻ ഇപ്പോൾ ആഗ്രഹിക്കുന്ന നിങ്ങൾ, നിങ്ങളുടെ കാലിൽ നിൽക്കുമോ?

...എന്റെ ഹൃദയത്തിൽ രക്തം തളിക്കപ്പെട്ടു;
അവന്റെ നാമം വാഴ്ത്തപ്പെടട്ടെ!
മഹത്വം...

111 ഇപ്പോൾ നിങ്ങളുടെ തലകളെ കുമ്പിട്ടു കൊണ്ട്. "അവൻ നിങ്ങളുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും, നിങ്ങളുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു, നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ അവന്റെ മേൽ ആയി, അവന്റെ അടിപ്പിണരുകളാൽ നിങ്ങൾക്കു സൌഖ്യം വന്നിരിക്കുന്നു."

അവന്റെ നാമം വാഴ്ത്തപ്പെടട്ടെ!

112 ഇപ്പോൾ, വാഴ്ത്തപ്പെട്ട പിതാവേ, കൃപയും കരുണയും എന്നെ കണ്ടെത്തിയ, ക്രൂശിന്റെ അടുത്തേക്ക് ഞങ്ങൾ താഴ്മയോടെ സമീപിക്കുമ്പോൾ, അവിടെ ആ ശുഭ്രമായ ഉദയ നക്ഷത്രം എനിക്ക് ചുറ്റും അതിന്റെ തിളക്കം ചൊരിയുന്നു. ഈ രോഗികൾ നിന്റെ സാന്നിധ്യത്തിൽ നിൽക്കുന്നു. അവർ ഇപ്പോൾ തന്നെ വിശ്വസിക്കുന്നു, വിശ്വാസത്താൽ, വിദൂരതയിലേക്ക്, അവർ പിന്നിലെ ആ അടിപ്പിണരിലേക്ക് നോക്കുന്നു. "അവന്റെ അടിപ്പിണരുകളാൽ ഞങ്ങൾ സൌഖ്യം പ്രാപിച്ചിരിക്കുന്നു." അതി പരിശുദ്ധ പിതാവേ, നീ

ഞങ്ങളുടെ രോഗമുള്ള ശരീരങ്ങളെ സുഖപ്പെടുത്തും എന്നു വിശ്വസിച്ചും കൊണ്ട്, ഞങ്ങളുടെ വിശ്വാസം ഏറ്റുപറഞ്ഞിട്ട് ഞങ്ങൾ വരുന്നു, കർത്താവായ യേശുവിന്റെ മഹത്തായ പകരമായി ചെയ്യുന്നതിലൂടെ. രോഗികളെ സുഖമാക്കുമെന്ന് നീ വാഗ്ദത്തം ചെയ്തു, വിശ്വാസത്തിന്റെ ഒരു പ്രാർത്ഥനയുമായി, നിൽക്കുന്ന ഈ ജനങ്ങൾക്കു വേണ്ടി ഞങ്ങൾ സമർപ്പിക്കുന്നു. ഈ രാത്രിയിൽ നിന്റെ വിശ്വാസികളുടെ ഒരു ഏകാങ്കമായി, ഞങ്ങൾ, ഒരുമിച്ച് ആകുന്നു. നീ പറഞ്ഞു, "രണ്ടോ മൂന്നോ പേർ കൂടിവരുന്നേടത്തൊക്കെയും, ഞാൻ അവരുടെ നടുവിൽ ഉണ്ടു." ഞങ്ങൾ അവർക്കായി കരുണയെ ചോദിക്കുന്നു, അതിനാൽ അങ്ങയുടെ കൃപ ഇപ്പോൾ അവരുടെ ഉള്ളിലെ-പ്രാണനെ സ്പർശിക്കാൻ ഇടയാകട്ടെ, അത് എന്തോ ചിലതായി ആഴത്തിൽ നങ്കൂരമിട്ട്; ക്രിസ്തു ഇവിടെ ഉണ്ടെന്നും അവരോട് സംസാരിച്ചു എന്നും അവർ അറിയാൻ ഇടയാകട്ടെ, പറയുന്നു, "എന്റെ കുഞ്ഞേ, കാൽവരിയിൽ നിന്റെ അസുഖം ഞാൻ ഏറ്റെടുത്തിരിക്കുന്നു. ഞാൻ നിനക്കായി കരുതുന്നതാകയാൽ, ഇപ്പോൾ നിന്റെ എല്ലാ ചിന്താകുലങ്ങളും എന്റെ മേൽ ഇട്ടുകൊൾക." അവർ സുഖം പ്രാപിക്കാൻ ഇടയാകട്ടെ, എല്ലാ വിധത്തിലും സമ്പൂർണ്ണമായി, ഞങ്ങൾ ഇത് യേശുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു. ആമേൻ.

113 അവർ ഇപ്പോൾ ഇരിക്കുമ്പോൾ, അവരുടെ അടുത്തുള്ള ആരെങ്കിലും, അവരുടെ മേൽ കൈകളെ വെച്ചു, ആരെങ്കിലും അവർക്കായി പ്രാർത്ഥിക്കു. ബൈബിൾ പറയുന്നു, "അവർ രോഗികളുടെ മേൽ അവരുടെ കൈകളെ വെച്ചാൽ; അവർക്ക് സൌഖ്യം വരും." കർത്താവ് അനുഗ്രഹിക്കട്ടെ.

114 ഞാൻ തെറ്റിദ്ധരിച്ചിട്ടില്ല എങ്കിൽ, രണ്ട് ദിവസം മുമ്പ്, അതല്ല രണ്ട് ഞായറാഴ്ചകൾക്ക് മുമ്പ് ഇവിടെ സുഖം പ്രാപിച്ച മനുഷ്യനെയല്ലേ ഞാൻ നോക്കുന്നത്, അത് ബധിരനോ അതോ ചെവിയിൽ മറ്റെന്തെങ്കിലോ ആയിരുന്നതല്ലേ? നിങ്ങൾ ഇന്ന് രാത്രി യോഗം ആസ്വദിക്കുന്നത് ഞാൻ കാണുന്നു. നിങ്ങൾ ഇപ്പോൾ എന്നെ ശരിയായി കേൾക്കുന്നോ? അത് കൊള്ളാം. ആശ്ചര്യം! ഒരു നിമിഷം നിങ്ങളുടെ കാലിൽ എഴുന്നേറ്റു നിൽക്കു. അവൻ ഇവിടെ ഉണ്ടായിരുന്നു എന്ന് എത്രപേർ ഓർക്കുന്നു? അവൻ പ്രാർത്ഥന നിരയിലൂടെ കടന്നുപോയി, അവനെ വീണ്ടും പ്രസംഗ വേദിയിലേക്ക് കൊണ്ടുവന്നു, കർത്താവ് അവനെ സൌഖ്യമാക്കി സുഖപ്പെടുത്തിയിരിക്കുന്നു. കർത്താവ് വാഴ്ത്തപ്പെടട്ടെ! സഹോദരാ, നിങ്ങളുടെ സാക്ഷ്യത്തിനായി, നന്ദി. അത് ഡസൻ കണക്കിൽ നിന്നാവാം! എന്നാൽ അവൻ അത്ഭുതാവനല്ലേ?

115 ഇപ്പോൾ, ഞങ്ങൾക്ക് നിങ്ങളെ നാളെ രാത്രി, നേരത്തെ കാണണം. പിന്നെ ഞായറാഴ്ച രാവിലെ, നേരത്തെ. ഞായറാഴ്ച ഉച്ചതിരിഞ്ഞ്, ഞായറാഴ്ച രാത്രി രോഗശാന്തി ശുശ്രൂഷയ്ക്കായി നിങ്ങൾക്ക് തിരികെ വരാൻ കഴിയുമെങ്കിൽ ആകുന്നു. നാം കണ്ടുമുട്ടുവോളം, നാം എഴുന്നേറ്റു നിന്ന് നമ്മുടെ പിരിച്ചുവിടൽ ഗാനം പാടാം, “യേശുവിന്റെ നാമം നിങ്ങളോടൊപ്പം എടുത്തുകൊണ്ടു പോക.”

യേശുവിന്റെ നാമം നിങ്ങളോടൊപ്പം എടുത്തുകൊണ്ടു പോക,
ദുഃഖത്തിന്റെയും കഷ്ടതയുടെയും കുട്ടിയെ;
അത് സന്തോഷവും ആശ്വാസവും നൽകും... (വശത്തേക്ക് തിരിഞ്ഞ് ഇപ്പോൾ എല്ലാവരുമായും കൈ പിടിച്ചു കുലുക്കു.)
നിങ്ങൾ പോകുന്നിടത്തെല്ലാം അതിനെ എടുത്തുകൊണ്ടു പോക.

വിലയേറിയ നാമം, (വശത്തേക്ക് തിരിഞ്ഞ് കൈ പിടിച്ചു കുലുക്കു), ഓ, എത്ര മധുരം!
ഭൂമിയുടെ പ്രത്യാശയും സ്വർഗ്ഗത്തിന്റെ സന്തോഷവും;
വിലയേറിയ നാമം, വിലയേറിയ നാമം, ഓ, എത്ര മധുരം! എത്ര മധുരം!
ഭൂമിയുടെ പ്രത്യാശയും സ്വർഗ്ഗത്തിന്റെ സന്തോഷവും.

ഇപ്പോൾ ഇങ്ങോട്ട് നോക്കു.

യേശുവിൻ നാമത്തിൽ കുമ്പിടുന്നു,
അവന്റെ പാദത്തിൽ സാഷ്ടാംഗം പ്രണമിക്കുന്നു,
സ്വർഗ്ഗത്തിലെ രാജാക്കന്മാരുടെ രാജാവിനെ ഞങ്ങൾ അവനെ കിരീടമണിയിക്കും,
നമ്മുടെ യാത്ര പൂർത്തിയാകുമ്പോൾ.

വിലയേറിയ നാമം, എത്ര മധുരം! ഓ, എത്ര മധുരം!
ഭൂമിയുടെ പ്രത്യാശയും സ്വർഗ്ഗത്തിന്റെ സന്തോഷവും;
വിലയേറിയ നാമം, എത്ര മധുരം! എത്ര മധുരം!
ഭൂമിയുടെ പ്രത്യാശയും സ്വർഗ്ഗത്തിന്റെ സന്തോഷവും.

116 ഇപ്പോൾ നെവിൽ ഗായകസംഘം ഓർക്കു, രാവിലെ ഒമ്പത് മണിക്കുള്ള, ഡബ്ല്യുഎൽആർപി, നാലുപേർ കൂടിയുള്ള പ്രക്ഷേപണം. ഞായറാഴ്ച രാവിലെ, ഒമ്പത്-നാല്പത്തി-അഞ്ചിനു സഹോദരൻ സ്ട്രൈക്കർ വരുന്നു. ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ച്, ഇന്ന് ഉച്ചതിരിഞ്ഞപ്പോൾ അവനു വേണ്ടി ഒരു ടേപ്പ് ഉണ്ടാക്കുകയായിരുന്നു.

117 ഇപ്പോൾ, നമ്മൾ വീണ്ടും കണ്ടുമുട്ടും വരെ, നാം നമ്മുടെ തലകളെ കുമ്പിടുന്നതിനാൽ, കർത്താവിന്റെ അനുഗ്രഹം നിങ്ങളോടൊപ്പമുണ്ടാകും. ഞാൻ ജോർജിയായിലെ, മക്കോണിൽ നിന്നുള്ള, എന്റെ നല്ല സുഹൃത്തും സഹോദരനുമായ സഹോദരൻ പാമറിനോട് ചോദിക്കാൻ പോകുന്നു, ഞങ്ങൾ പ്രാർത്ഥിക്കുമ്പോൾ, അവൻ ഈ സദസ്സിനെ ഒരു വാക്ക് പ്രാർത്ഥനയോടെ പിരിച്ചുവിടുമെങ്കിൽ. സഹോദരൻ പാമർ.

***സൽഗുണപൂർണ്ണൻ*** MAL57-0419

(The Perfection)

**ഈസ്റ്റർ ഉണർവ്വ് പരമ്പര**

ഈ സന്ദേശം ബ്രദർ വില്യം മാരിയൺ ബ്രൺഹാം, ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചത്, 1957, ഏപ്രിൽ 19, ദുഃഖ വെള്ളിയാഴ്ച വൈകിട്ട്, അമേരിക്കൻ ഐക്യനാട്ടിലെ ഇൻഡ്യാനയിലെ, ജെഫെർസൺവില്ലെ, ബ്രൺഹാം ടെബർണക്കിളിൽ വെച്ച്, കാന്ത ശക്തിയുള്ള ടേപ്പിൽ നിന്നും കൃത്യമായി പകർത്താനുള്ള സകല പ്രയത്നവും ചെയ്തിരിക്കുന്നു. ഈ മലയാളം പരിഭാഷ വോയിസ് ഓഫ് ഗോഡ് റിക്കോർഡിംഗ്സിൽ നിന്നും പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുന്നു.

MALAYALAM

©2022 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org